## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3832** **17-03-2025 - ൽ മറുപടിയ്ക്ക്**

## അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് ഫീസ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; സേവനാടിസ്ഥാനത്തിൽ നിശ്ചയിച്ചിരിക്കുന്ന ഫീസ് നിരക്ക് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. അക്ഷയ ക്രേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് സേവന നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പ്, തൊഴിൽ വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, എന്നീ വകുപ്പുകളിലെ സേവനങ്ങൾക്ക് വകുപ്പുകൾ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഇതിനുപുറമെ കാർഷിക വകുപ്പ്, പട്ടിക ജാതി വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, കാഡ്കോ, കെ-ഡിസ്ക് , ലീഗൽ മെട്രോളജി, ITI അഡ്മിഷൻ , e -mulakath , തുണ(പോലീസ് വകുപ്പ്) എന്നീ വകുപ്പുകളുടെയും പോർട്ടലുകളുടെയും സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെയും നടപടിക്രമങ്ങളുടെയും പകർപ്പുകൾ അനുബന്ധം 1 മുതൽ 4 വരെയായി ചേർക്കുന്നു. |
| (ബി) | അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന സേവനവും ഫീസ് നിരക്കും പൊതുജനങ്ങൾക്ക് കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കാൻ നിഷ്കർഷിച്ചിട്ടുണ്ടോ; ആയത് പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഉണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ പരിശോധനച്ചുമതലയുള്ള ബ്ലോക്ക് കോർഡിനേറ്റർമാരെ, സേവനനിരക്കുകൾ അടങ്ങിയ ബോർഡ് പൊതുജനത്തിന് കാണത്തക്കവിധത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നതുൾപ്പടെയുള്ള കാര്യങ്ങൾ അക്ഷയ കേന്ദ്രങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതും, ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന സംരംഭകർക്കുമേൽ ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | ഇതിന്മേലുള്ള പരാതികൾ നൽകേണ്ട മേൽവിലാസം, ഇ-മെയിൽ, ടെലിഫോൺ നമ്പർ എന്നിവ ഇതോടൊന്നിച്ച് പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പരാതികൾക്കും സംശയനിവാരണത്തിനും 155300(BSNL) എന്ന നമ്പറിൽ ബന്ധപ്പെടുവാൻ സേവന നിരക്ക് ചാർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഡി) | സേവനത്തിന് ഒടുക്കിയ തുകയും ലഭിച്ച സേവനവും രേഖപ്പെടുത്തുന്ന റെസിപ്റ്റ്/ബിൽ ലഭിക്കുവാൻ | (ഡി) | ഉണ്ട്.ഇത് സംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | ഗുണഭോക്താവിന് അവകാശമുണ്ടോ;<br>വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് - അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന വിവിധ സർക്കാർ സേവനങ്ങളിൽ നിലവിൽ നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ കാലികമായി വർദ്ധിപ്പിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ സർവ്വീസ് ചാർജ് നിരക്കുകൾ ക്രമപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ (സി) വകുപ്പ്**

സ.ഉ. (അച്ചടി) നം. 03/2018/വിസവ. തീയതി, തിരുവനന്തപുരം, 09.5.2018

---

പരാമർശം:- 1. സ.ഉ.(ആർ.റ്റി.) നം. 1088/2010/എസ്.സി.എസ്.റ്റി.ഡി.ഡി. തീയതി 4.11.2010.

2. സ.ഉ.(എം.എസ്) നം. 31/2013/ഐ.റ്റി.ഡി. തീയതി 17.10.2013.
3. സ.ഉ.(ആർ.റ്റി.) നം. 438/2013/എസ്.സി.എസ്.റ്റി.ഡി.ഡി. തീയതി 23.3.2013.
4. സ.ഉ.(ആർ.റ്റി.) നം. 670/2015/എച്ച് & എഫ്.ഡബ്ല്യൂ.ഡി. തീയതി 21.2.2015.
5. കെ.എൻ.ആർ.കെ. വെൽഫയർ ഫണ്ട് ബോർഡും അക്ഷയ ഡയറക്ടറും ചേർന്ന് ഒപ്പുവച്ച 13.10.2010-ലെ എം.ഒ.യു.
6. അക്ഷയ ഡയറക്ടറുടെ 29.11.2012-ലെ പ്രൊസീഡിംഗ്സ് നം. 713/2012/AKS/696.
7. ചീഫ് ഇലക്ടറൽ ഓഫീസറുടെ 10.10.2014-ലെ 4333/EL3/2014/Elec. നമ്പർ കത്ത്.
8. അക്ഷയ ഡയറക്ടറുടെ 7.9.2016-ലെ പ്രൊസീഡിംഗ്സ് നം. 866/2016/AKS/315.
9. അക്ഷയ ഡയറക്ടറുടെ 6.11.2017-ലെ 408/2017/എ.കെ.എസ്./1353 നമ്പർ കത്ത്.

**ഉത്തരവ്**

അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന വിവിധ സർക്കാർ സേവനങ്ങളിൽ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വ്യത്യസ്ത രീതിയിൽ സർവ്വീസ് ചാർജ് ഈടാക്കുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 9-ലെ അക്ഷയ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന വിവിധ സർക്കാർ സേവനങ്ങളിൽ പരാമർശം 2 മുതൽ 8 വരെയുള്ള സർക്കാർ ഉത്തരവുകളും കത്തുകളും പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരം കാലികമായി വർദ്ധിപ്പിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ സർവ്വീസ് ചാർജ് നിരക്കുകൾ അതോടൊപ്പം ക്രമപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | സേവനങ്ങൾ | നിലവിലെ നിരക്കുകൾ | പുതുക്കിയ / ക്രമപ്പെടുത്തിയ നിരക്കുകൾ |
|---|---|---|---|
| 1 | ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ | 1. ജനറൽ വിഭാഗത്തിന് 17 രൂപ (10 രൂപ അക്ഷയ കേന്ദ്രത്തിന് + 7 രൂപ സർക്കാറിന്)<br>2. ബി.പി.എൽ. വിഭാഗത്തിന് 15 രൂപ (10 രൂപ അക്ഷയ കേന്ദ്രത്തിന് + 5 രൂപ സർക്കാറിന്)<br>3. എസ്.സി. /എസ്.റ്റി. വിഭാഗത്തിന് 10 രൂപ.<br>4. സ്കാനിംഗ് /പ്രിന്റിംഗ് ചാർജ്ജ് 2 രൂപ (പേജൊന്നിന്) | 1. ജനറൽ വിഭാഗത്തിന് 25 രൂപ (18 രൂപ അക്ഷയ കേന്ദ്രത്തിന് + 7 രൂപ സർക്കാറിന്) + സ്കാനിംഗ് /പ്രിന്റിംഗ് ചാർജ്ജ് 3 രൂപ (പേജൊന്നിന്)<br>2. പ്രയോറിറ്റി റേഷൻ കാർഡുള്ളവർക്ക് 20 രൂപ<br>3. എസ്.സി./എസ്.റ്റി. വിഭാഗത്തിന് 10 രൂപ + സ്കാനിംഗ് /പ്രിന്റിംഗ് ചാർജ്ജ് 2 രൂപ) |
| 2 | യൂട്ടിലിറ്റി ബിൽ പേയ്മെന്റുകൾ | 1000 രൂപ വരെ - 10 രൂപ<br>1001-5000 വരെ - 20 രൂപ<br>5000 രൂപയ്ക്ക് മുകളിൽ - തുകയുടെ 0.5% | 1000 രൂപ വരെ - 15 രൂപ<br>1001-5000 വരെ - 25 രൂപ<br>5000 രൂപയ്ക്ക് മുകളിൽ - തുകയുടെ 0.5% |
| 3 | എസ്. സി/എസ്.റ്റി. വകുപ്പമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് സേവനങ്ങൾ | പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് 21 രൂപ.<br>അപേക്ഷ പുതുക്കുന്നതിന് 16 രൂപ | പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് 40 രൂപ.<br>അപേക്ഷ പുതുക്കുന്നതിന് 30 രൂപ (സ്കാനിംഗ് & പ്രിന്റിംഗ് ഉൾപ്പെടെ) |
| 4 | എസ്.സി. പ്രീമെട്രിക് സ്കോളർഷിപ്പ് | അപേക്ഷ ഒന്നിന് 12 രൂപ | അപേക്ഷ ഒന്നിന് 20 രൂപ (പ്രിന്റിംഗ് ചാർജ്ജ് ഉൾപ്പെടെ)<br>(സർവ്വീസ് ചാർജ്ജ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പാണ് അക്ഷയയ്ക്ക് നൽകേണ്ടത്) |
| 5 | പ്രവാസി ക്ഷേമ നിധിയുമായി ബന്ധപ്പെട്ട ഓൺലൈൻ പേയ്മെന്റ് സേവനങ്ങൾ | 500 രൂപ വരെ - 6 രൂപ<br>501-1000 വരെ - 11 രൂപ<br>1000 രൂപയ്ക്ക് മുകളിൽ - 15 രൂപ. | 100 രൂപ വരെ - 10 രൂപ<br>101 മുതൽ 1000 രൂപ വരെ - 15 രൂപ<br>1001-5000 വരെ - 25 രൂപ<br>5000 രൂപയ്ക്ക് മുകളിൽ - തുകയുടെ 0.5% |
| 6 | സമ്മതിദായക തിരിച്ചറിയൽ | അപേക്ഷ ഒന്നിന് 25/- രൂപ | അപേക്ഷ ഒന്നിന് 40/- രൂപ |

| | | | |
|---|---|---|---|
| | കാർഡ് | | (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 7 | ഏഡ് സേഫ്റ്റി രജിസ്ട്രേഷൻ (ഫോം എ) | 25 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് | 50 രൂപ + 3 രൂപ പ്രിന്റിംഗ് / സ്കാനിംഗ്) (പേജൊന്നിന്) |
| 8 | ഏഡ് സേഫ്റ്റി ലൈസൻസ് (ഫോം ബി) | 40 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് | 80 രൂപ + 3 രൂപ പ്രിന്റിംഗ് / സ്കാനിംഗ് (പേജൊന്നിന്) |
| 9(a) | ഏഡ് സേഫ്റ്റി - പുതുക്കൽ (ഫോം എ) | 10 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് | 25 രൂപ + 3 രൂപ പ്രിന്റിംഗ് / സ്കാനിംഗ് (പേജൊന്നിന്) |
| 9(b) | ഏഡ് സേഫ്റ്റി - പുതുക്കൽ (ഫോം ബി) | 10 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് | 25 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 10 | KEAM എൻട്രൻസ് പരീക്ഷയുടെ അപേക്ഷ സമർപ്പണവുമായി ബന്ധപ്പെട്ട സേവനങ്ങൾ | അപേക്ഷ ഒന്നിന് 50 രൂപ | 1. ജനറൽ വിഭാഗത്തിന് 60 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്)<br>2. SC/ST വിഭാഗത്തിന് 50 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 11 | ന്യൂനപക്ഷങ്ങൾക്കായുള്ള ദേശീയ (പ്രീമെട്രിക്) സ്കോളർഷിപ്പ് രജിസ്ട്രേഷൻ | 60 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) | 60 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 12 | ന്യൂനപക്ഷങ്ങൾക്കായുള്ള ദേശീയ (പോസ്റ്റ്മെട്രിക്) സ്കോളർഷിപ്പ് രജിസ്ട്രേഷൻ | 70 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) | 70 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 13 | കേരള സർക്കാർ സ്കോളർഷിപ്പുകൾ | നിരക്ക് നിശ്ചയിച്ചിട്ടില്ല | 40 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 14 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള അപേക്ഷകൾ | ,, | 20 രൂപ (സ്കാനിംഗ് & പ്രിന്റിംഗ് ഉൾപ്പെടെ) |

| | | | |
|---|---|---|---|
| 15 | വിവാഹ രജിസ്ട്രേഷൻ | ,, | 1. ജനറൽ വിഭാഗത്തിന് 70 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്)<br>2. SC/ST വിഭാഗത്തിന് 50 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 16 | എൻകംബ്രൻസ് സർട്ടിഫിക്കറ്റ് | ,, | 50 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 17 | ലൈഫ് സർട്ടിഫിക്കറ്റ് | ,, | 30 രൂപ (പ്രിന്റിംഗ് ചാർജ് ഉൾപ്പെടെ) |
| 18 | തൊഴിൽ വകുപ്പ് രജിസ്ട്രേഷൻ | ,, | 1. പുതിയ രജിസ്ട്രേഷന് 40 രൂപ<br>2. പുതുക്കലിന് 30 രൂപ<br>(പ്രിന്റിംഗ് ചാർജ് ഉൾപ്പെടെ) |
| 19 | മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ | ,, | 40 രൂപ + 3 രൂപ സ്കാൻ/പ്രിന്റ്+ട്രാൻസാക്ഷൻ ചാർജ്) |
| 20 | ഇൻകംടാക്സ് ഫയലിംഗ് | ,, | ചെറിയ കേസുകൾക്ക് 100 രൂപയും അല്ലാത്തവയ്ക്ക് 200 രൂപയും. |
| 21 (a) | ഫാക്ടറി രജിസ്ട്രേഷൻ (ഒറ്റത്തവണ രജിസ്ട്രേഷൻ) | ,, | 30 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 21 (b) | ഫാക്ടറി രജിസ്ട്രേഷൻ (പുതുക്കൽ) | ,, | 50 രൂപ |
| 21 (c) | ഫാക്ടറി രജിസ്ട്രേഷൻ (റിട്ടേൺ) | ,, | 40 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 22 | പാൻ കാർഡ് | ,, | 80 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 23 | പാസ്പോർട്ട് | ,, | 200 രൂപ |
| 24 | മലിനീകരണ | | 200 രൂപ |

| | | | |
|---|---|---|---|
| | നിയന്ത്രണ ബോർഡ് ഓൺലൈൻ രജിസ്ട്രേഷൻ | ,, | |
| 25 | പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ | ,, | 1. ജനറൽ വിഭാഗത്തിന് 60 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്)<br>2. SC/ST വിഭാഗത്തിന് 50 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 26 | എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ | ,, | 50 രൂപ + 3 രൂപ പ്രിന്റിംഗ് / സ്കാനിംഗ്<br>(പേജൊന്നിന്) |

മേൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെടാത്ത ഏതെങ്കിലും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന നിർവ്വഹിക്കുകയാണെങ്കിൽ 20 ഫീൽഡിൽ കൂടുതൽ ഡേറ്റാ എൻട്രി ആവശ്യമില്ലാത്ത സേവനങ്ങളുടെ സർവ്വീസ് ചാർജ് 20 രൂപയായും സ്കാൻ ചെയ്യുന്നതിന് പേജ് ഒന്നിന് 3 രൂപയും പ്രിന്റ് ചെയ്യുന്നതിന് 3 രൂപയും ആയി നിജപ്പെടുത്തിയും ഉത്തരവാകുന്നു. പ്രസ്തുത സേവനങ്ങളുടെ സർവ്വീസ് ചാർജുകൾ സംബന്ധിച്ച് അക്ഷയ ഡയറക്ടർ മേൽ വ്യവസ്ഥകൾ പാലിച്ച് പ്രത്യേകം നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്. പുതുക്കിയ നിരക്കുകൾ ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ അക്ഷയ സംരംഭകർക്കും അക്ഷയ ഡയറക്ടർ നിർദ്ദേശം നൽകേണ്ടതും പുതുക്കിയ ഫീസ് നിരക്ക് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും നിശ്ചിത ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി അക്ഷയ ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എം. ശിവശങ്കർ**
**സെക്രട്ടറി**

എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, അക്ഷയ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജനറൽ മാനേജർ, ബി.എസ്.എൻ.എൽ., തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി, തിരുവനന്തപുരം
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പ്രവാസികാര്യം (NORKA), തിരുവനന്തപുരം.
ഫുഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം.

എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമം, തിരുവനന്തപരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഉന്നതവിദ്യാഭ്യാസം / സാങ്കേതിക വിദ്യാഭ്യാസം / കോളേജ് വിദ്യാഭ്യാസം, തിരുവനന്തപുരം.
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് / നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോഡ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക മസ്റ്ററിംഗ്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്**

സ.ഉ.(കൈ) നം.58/2023/ധന. തീയതി,തിരുവനന്തപുരം, 28.03.2023

1 സ.ഉ(എം.എസ്) നം. 437/2016/ധന. തീയതി 08.11.2016.
2. സ.ഉ(എം.എസ്) നം. 483/2017/ധന. തീയതി 06.11.2017.
3. സ.ഉ(എം.എസ്) നം. 2/2021/ധന. തീയതി 05.01.2021
4. സ.ഉ(എം.എസ്) നം.174/2022/ധന. തീയതി 07.10.2022
5. 02.12.2022-ലെ നം. 2108592/എസ്.എഫ്.സി.ബി2/2022/ധന. കത്ത്.

**ഉത്തരവ്**

ബാങ്ക്/ ഇ-മണിഓർഡർ വഴിയും, ബാങ്കു വഴിയും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ എല്ലാ വർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യണമെന്ന് യഥാക്രമം പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിരുന്നു. സർവ്വീസ്/ കുടുംബ പെൻഷൻ, ഇ.പി.എഫ്. പെൻഷൻ, ക്ഷേമനിധി ബോർഡ് പെൻഷൻ തുടങ്ങി മിക്ക പെൻഷൻ പദ്ധതികളിലും ഗുണഭോക്താക്കൾ വാർഷിക മസ്റ്ററിംഗ് നടത്തുകയോ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ ചെയ്യേണ്ടതുണ്ട്. സമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ മരണപ്പെട്ടവരും, സംസ്ഥാനത്ത് നിലവിൽ താമസമില്ലാത്തവരും, രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്നവരും ഉണ്ടെന്ന വസ്തുത സർക്കാരിനു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, വിവിധ ക്ഷേമനിധി ബോർഡുകളെ സേവനയിൽ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും മസ്റ്ററിംഗിനായുള്ള സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്തതിനെയും തുടർന്ന്, 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട എല്ലാ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കും പെൻഷൻ തുടർന്നും ലഭിക്കുന്നതിനായി ബയോമെട്രിക് മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നു. മസ്റ്ററിംഗിലൂടെ അനർഹരും മരണപ്പെട്ടവരുമായ അനവധി പേരെ ഇതിനകം ഒഴിവാക്കാനായതു വഴി സർക്കാർ ഖജനാവിലെ പണം അനധികൃതമായി

നഷ്ടമാകുന്നത് തടയാനും ആയത് ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച എല്ലാവർഷവും മസ്റ്ററിംഗ് നിർബന്ധമാക്കേണ്ടത് അനിവാര്യമായതിനാൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക മസ്റ്ററിംഗ് സംബന്ധിച്ച് ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ 2023 ഏപ്രിൽ 1 മുതൽ ജൂൺ 30-വരെയുള്ള കാലയളവിനുള്ളിൽ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തേണ്ടതാണ്.

(ii) 2024 മുതൽ എല്ലാ വർഷവും ജനുവരി 1 മുതൽ ഫെബ്രുവരി 28/29 നകം, തൊട്ടു മുൻപുള്ള വർഷം ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തേണ്ടതാണ്.

(iii) ശാരീരിക/ മാനസിക വെല്ലുവിളി നേരിടുന്നവർ, കിടപ്പു രോഗികൾ, വൃദ്ധജനങ്ങൾ എന്നിങ്ങനെ അക്ഷയ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവർ പ്രസ്തുത വിവരം അക്ഷയ കേന്ദ്രങ്ങളിൽ അറിയിക്കേണ്ടതും അതിനനുസരിച്ച് അക്ഷയ കേന്ദ്രം പ്രതിനിധി പ്രസ്തുത ഗുണഭോക്താക്കളുടെ വീട്ടിലെത്തി മസ്റ്ററിംഗ് നടത്തുന്നതുമാണ്.

(iv) ആധാർ ഇല്ലാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ട 85 വയസ്സു കഴിഞ്ഞവർ, 80 ശതമാനത്തിലധികം ശാരീരിക വൈകല്യമുള്ളവർ, സ്ഥിരമായി രോഗശയ്യയിലുള്ളവർ, പരാമർശം (3) ഉത്തരവു പ്രകാരം പെൻഷൻ അനുവദിക്കപ്പെട്ട ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ, ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർ എന്നിവർ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കേണ്ടതാണ്.

(v) നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയവർക്കു മാത്രമേ മസ്റ്ററിംഗിനുള്ള നിശ്ചിത കാലാവധിക്കു ശേഷം പെൻഷൻ വിതരണം നടത്തുകയുള്ളൂ.

(vi) നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തീകരിക്കാത്തവർക്ക് തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. എന്നാൽ അവർക്ക് മസ്റ്ററിംഗ് നടത്തുന്ന മാസം മുതൽക്കുള്ള പെൻഷൻ മാത്രമേ

ലഭിക്കുകയുള്ളൂ. മസ്റ്ററിംഗ് ചെയ്യാത്ത കാലയളവിലെ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

(vii) യഥാസമയം മസ്റ്റർ ചെയ്യാത്തതിനാൽ കുടിശ്ശികയാകുന്ന പെൻഷന് പരാമർശം (4) പ്രകാരമുള്ള നിബന്ധനകൾ ബാധകമായിരിക്കും (ഉദാഹരണമായി, ഒരു ഗുണഭോക്താവ് 2023 നവംബർ മാസമാണ് മസ്റ്റർ ചെയ്യുന്നതെങ്കിൽ ടിയാൾക്ക് 2023 ജൂൺ വരെയുള്ള പെൻഷന് അർഹതയുണ്ടായിരിക്കുന്നതും ആയത് കുടിശ്ശികയ്ക്കായി പണം അനുവദിക്കുമ്പോൾ വിതരണം ചെയ്യുന്നതും, 2023 നവംബർ മാസം മുതലുള്ള പെൻഷൻ സാധാരണ രീതിയിൽ വിതരണം നടത്തുന്നതുമായിരിക്കും. ആ ഗുണഭോക്താവിന് 2023 ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല).

**3.** അക്ഷയ കേന്ദ്രങ്ങളിലെത്തി മസ്റ്റർ ചെയ്യുന്നതിന് 30/- രൂപയായും ഗുണഭോക്താക്കളുടെ വീടുകളിൽ പോയി മസ്റ്റർ ചെയ്യുന്നതിനായി 50/- രൂപയായും ഫീസ് നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഫീസ് മസ്റ്ററിംഗ് നടത്തുന്ന സമയത്ത് ഗുണഭോക്താക്കൾ തന്നെ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്-

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II) കേരള, തിരുവനന്തപുരം
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
5. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
6. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
7. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
8. തദ്ദേശ സ്വയംഭരണ (ഡി സി), (എഫ് എം.) വകുപ്പ്
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. ഡയറക്ടർ, അക്ഷയ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസ്
11. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് മുഖേന
11. എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ

സെക്രട്ടറിമാർക്കും (ഡയറക്ടർ തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് മുഖേന)

12. മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
13. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം.
14. വിവര പൊതുജന സമ്പർക്ക വകുപ്പ്
15. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്
16. കരുതൽ ഫയൽ (നം.2247085/എസ്.എഫ്.സി.ബി2/2022/ധന.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

അക്ഷയ സംസ്ഥാന പ്രോജക്ട് ഓഫീസ് തപാൽ നം.......... 14 FEB 2023 തിരുവനന്തപുരം

150 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ-അക്ഷയ സെന്ററുകൾ മുഖേനയുള്ള പുതിയ അംഗങ്ങളുടെ രജിസ്ട്രേഷൻ - സർവ്വീസ് ചാർജ് വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്

സ.ഉ.(സാധാ) നം.162/2023/LBR തീയതി,തിരുവനന്തപുരം, 08-02-2023

---

പരാമർശം:-
1. 09.05.2018 ലെ സ.ഉ. (അച്ചടി) നം. 03/2018/വിസവ.
2. 01.10.2021 ലെ സ.ഉ. (സാധാ) നം 1166/2021/തൊഴിൽ നമ്പർ ഉത്തരവ്
3. ലേബർ കമ്മീഷണറുടെ 21.11.2022 - ലെ ഡബ്ല്യൂ(4)/2419/2019 നം. കത്ത്.

ഉത്തരവ്

തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ അക്ഷയ സെന്ററുകൾ മുഖേന പുതുതായി അംഗത്വ രജിസ്ട്രേഷൻ നടത്തുന്ന ഒരാളുടെ വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫെർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ് വെയറിൽ എൻട്രി വരുത്തി ഫോട്ടോ സ്കാൻ ചെയ്യുന്നതിനും ഐഡന്റിറ്റി കാർഡ് ചാർജും ഭരണചെലവും ചേർത്ത് 45/- (20+25) രൂപ നിശ്ചയിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അപ്രകാരം അക്ഷയ സെന്ററുകൾക്ക് സേവന നിരക്കായി നിശ്ചയിച്ച 20/- രൂപ അപര്യാപ്തമാണെന്നും ആയത് 40/- രൂപയായി വർദ്ധിപ്പിക്കണമെന്ന് അക്ഷയ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ളതായും അതിൻപ്രകാരം അക്ഷയ സെന്ററുകൾക്കുള്ള സർവ്വീസ് ചാർജ് വർദ്ധിപ്പിച്ച് ഉത്തരവാകണമെന്നും പരാമർശം (3) പ്രകാരം ലേബർ കമ്മീഷണർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ അക്ഷയ സെന്ററുകൾ മുഖേന പുതുതായി അംഗത്വ രജിസ്ട്രേഷൻ നടത്തുന്ന ഒരാളുടെ വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫെർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ് വെയറിൽ എൻട്രി വരുത്തി ഫോട്ടോ സ്കാൻ ചെയ്യുന്നതിന് അക്ഷയ സെന്ററുകൾക്കുള്ള സർവ്വീസ് ചാർജ് 40 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

- ഐഡന്റിറ്റി കാർഡ് ചാർജ്ജിനും ഭരണച്ചലവിനും നിലവിലുള്ള നിരക്കായ 25 രൂപയും ചേർത്ത് ആകെ 65/രൂപ ( അറുപത്തി അഞ്ച് രൂപ മാത്രം ) പുതുതായി അംഗത്വ രജിസ്ട്രേഷൻ നടത്തുന്ന ഒരാൾ അക്ഷയ സെന്ററിൽ ഒടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലിയാ ലത്തീഫ് എ

അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, അക്ഷയകേന്ദ്രം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

എല്ലാ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും / സെക്രട്ടറിമാർക്കും

ധനകാര്യ (തൊഴിൽ) വകുപ്പിന്

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, (വെബ് & ന്യൂമീഡിയ - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Ajithakumari R
Date: 08-02-2023 13:04:27

**കേരള സർക്കാർ**

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് യൂണിക്ക് ഐഡന്റിറ്റി കാർഡ് വിതരണം - അംഗങ്ങളുടെ ആധാർ അധിഷ്ഠിത വിവരങ്ങൾ പുതുക്കുന്നതിനും, പുതുതായി വിവരങ്ങൾ ഡാറ്റാ എൻട്രി വരുത്തുന്നതിനും നിരക്ക് നിശ്ചയിച്ച് ഉത്തരവാകുന്നു.

================================================================================

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ.1166/2021/തൊഴിൽ        തിരുവനന്തപുരം, തീയതി. 01.10.2021

================================================================================

പരാമർശം: 1 03.08.2013 ലെ സ.ഉ. (സാധാ) നം. 1411/2013/തൊഴിൽ.

2 03.10.2013 ലെ സ.ഉ. (സാധാ) നം. 1681/2013/തൊഴിൽ.

3 ലേബർ കമ്മീഷണറുടെ 01.12.2020 - ലെ ഡബ്ല്യൂ4/2419/2019 നം. കത്ത്.

4 16.03.2021 തീയതിയിലെ തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

5 ലേബർ കമ്മീഷണറുടെ 28.07.2021 -ലെ ഡബ്ല്യൂ(4)/904/2019 നം. കത്ത്.

**ഉത്തരവ്**

തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കി ദ്വയാംഗത്വം ഒഴിവാക്കുന്നതിന്റെ ഭാഗമായി ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് ആധാർ അധിഷ്ഠിത യൂണിക്ക് ഐഡന്റിറ്റി കാർഡ് നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിരുന്നു. അക്ഷയ സെന്ററുകൾ വഴി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് (AIIS) സോഫ്റ്റ് വെയർ മുഖേനയാണ് തൊഴിലാളികളുടെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയിരുന്നത്. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഒരു തൊഴിലാളിയുടെ വിവരങ്ങൾ എൻട്രി ചെയ്ത് ഫോട്ടോ അപ് ലോഡ് ചെയ്യുന്നതിന് 15/- രൂപയും ഐഡന്റിറ്റി കാർഡിന് 20/- രൂപയും ഭരണചെലവിന് 5/- രൂപയും ഉൾപ്പെടെ ആകെ 40/- രൂപ ഈടാക്കുന്നതിന് ഉത്തരവായിരുന്നു.

2) അക്ഷയ സെന്ററുകൾ വഴി നടത്തിയിരുന്ന ഡാറ്റാ എൻട്രി 2014 ആഗസ്റ്റ് 31 - ന് അവസാനിച്ചതിനെ തുടർന്ന് പുതുതായി ചേരുന്ന അംഗങ്ങളുടെ വിവരങ്ങൾ ക്ഷേമനിധി ബോർഡുകളുടെ ജില്ലാ ഒഫീസുകൾ വഴി രജിസ്റ്റർ ചെയ്ത് വന്നിരുന്നു. എന്നാൽ ആയത് പല ക്ഷേമനിധി ബോർഡുകൾക്കും കൃത്യമായി പ്രാവർത്തികമാക്കൻ കഴിയാതിരുന്നതിനാലും തൊഴിലാളികളുടെ വിവരങ്ങൾ എൻട്രി ചെയ്യുന്നത് മന്ദഗതിയിലായതുകൊണ്ടും അംഗങ്ങളുടെ ആധാർ അധിഷ്ഠിത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് (AIIS) സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം തിരികെ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (5) പ്രകാരം ലേബർ കമ്മീഷണർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിലെയും അംഗങ്ങളുടെ ആധാർ അധിഷ്ഠിത വിവരങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ഡാറ്റാ എൻട്രി ചെയ്യുന്നതിനും ചുവടെ ചേർക്കുംപ്രകാരം പുതുക്കിയ നിരക്ക് നിശ്ചയിച്ചും ഉത്തരവാകുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | ഇതിനകം ആധാർ വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്തിട്ടുള്ള ഒരംഗത്തിന്റെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് | 15/- രൂപ |
| 2 | ഒരു അംഗത്തിന് പുതുതായി ഡാറ്റാ എൻട്രി ചെയ്ത് ഫോട്ടോ സ്കാൻ ചെയ്യുന്നതിന് | 20/-രൂപ (സർവ്വീസ് ചാർജ്ജ് + ഇ - ഡിസ്ട്രിക് ഫണ്ട് ട്രാൻസ്ഫർ എക്സ്പെൻസ്) |
| 3 | ഐഡന്റിറ്റി കാർഡ് ചാർജ്ജും, അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജും | 25/- രൂപ (20+5) |
| 4 | പുതുതായി ഡാറ്റാ എൻട്രി ചെയ്ത് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നതിന് (ആകെ) | 45/- രൂപ |

4) ഐഡന്റിറ്റി കാർഡിന്റെ തുക (ഐഡന്റിറ്റി കാർഡ് ചാർജ്ജും, അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജും ഉൾപ്പെടെ 25/- രൂപ) കാർഡ് വിതരണം ചെയ്യുന്നതിനായി അക്ഷയ ഡയറക്ടർ ലേബർ കമ്മീഷണർക്ക് ട്രാൻസ്ഫർ ചെയ്ത് കൊടുക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി IAS
സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, അക്ഷയകേന്ദ്രം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
എല്ലാ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ / സെക്രട്ടറിമാർക്കും
ധനകാര്യ (തൊഴിൽ) വകുപ്പിന്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, (വെബ് & ന്യൂമീഡിയ - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ്, തിരുവനന്തപുരം
E-Mail - ccsasection@gmail.com

കേരളത്തിന്റെ ഭക്ഷ്യസുരക്ഷ

150 YEARS OF CELEBRATING THE MAHATMA

നം.(സി.എസ്)എ-6-19331/2017. തീയതി: 30-04-2021.

# സർക്കുലർ നമ്പർ . 02/2021

വിഷയം:- പൊ.വി- ഇ-കാർഡ് പദ്ധതി സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നത്-മാർഗ്ഗ നിർദ്ദേശങ്ങൾ -സംബന്ധിച്ച്.
സൂചന:- സർക്കാരിന്റെ 07-04-2020-ലെ സ.ഉ(സാധാ) 107/2020/ഭ.പൊ.വി.വ നമ്പർ ഉത്തരവ്.

-------------

പൊതു ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി റേഷൻകാർഡ് ലഭിക്കുന്നതിന് അക്ഷയകേന്ദ്രങ്ങൾ/സിറ്റിസൺ ലോഗിൻ മുഖേന റേഷൻകാർഡ് സ്വയം പ്രിന്റ് ചെയ്ത് എടുക്കുന്ന സംവിധാനം (ഇ-റേഷൻകാർഡ്) നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. നിലവിൽ വിതരണം ചെയ്തു വരുന്ന പുസ്തക രൂപത്തിലുള്ളവയ്ക്ക് പകരം കാർഡ് രൂപത്തിലാക്കുന്നതിന് സാധിക്കുന്നതാണ് പുതിയ റേഷൻ സംവിധാനം. റേഷൻ കടകളിലൂടെയും സപ്ലൈകോസ്ഥാപനങ്ങളിലൂടെയുമുള്ള വിതരണം ഓൺലൈനായി നടക്കുന്നതിനാൽ നിലവിലുള്ള രീതിയിൽ ഇന്നർഷീറ്റുകൾ ആവശ്യമായി വരുന്നില്ല.

ഇ-റേഷൻകാർഡ് പൈലറ്റ് പദ്ധതി 12-02-2021 മുതൽ തിരുവനന്തപുരം നോർത്ത് സിറ്റി റേഷനിംഗ് ആഫീസിന്റെ പരിധിയിലും 19-04-2021 മുതൽ തിരുവനന്തപുരം ജില്ലയിലെ എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസുകളിലും നടപ്പിലാക്കുകയും ആയത് പൊതു ജനങ്ങൾക്ക് വളരെ സൗകര്യപ്രദമാണെന്ന് കാണുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി പദ്ധതി 03-05-2021 മുതൽ സംസ്ഥാനത്തൊട്ടാകെ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ടി പദ്ധതി നടപ്പിൽ വരുത്തുമ്പോൾ ചുവടെ പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. നിലവിൽ ഉപയോഗിച്ചുവരുന്ന പുസ്തക രൂപത്തിലുള്ള റേഷൻ കാർഡുകൾ തുടർന്നും ഉപയോഗിക്കാവുന്നതാണ്. നിലവിലുള്ള കാർഡുമായി ബന്ധപ്പെട്ട എന്തെങ്കിലും അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്ന സാഹചര്യത്തിലോ പുതിയ റേഷൻ കാർഡിനായി അപേക്ഷിക്കുമ്പോഴോ ഇ-കാർഡ് പ്രിന്റു ലഭിക്കുന്നതാണ്.

2. അക്ഷയകേന്ദ്രങ്ങൾ /സിറ്റിസൺ ലോഗിൻ മുഖേന ഇ-റേഷൻകാർഡിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ, എ.എ.വൈ യിലെ പട്ടികവർഗ്ഗം (AAY ST Cards) ഒഴികെയുള്ള എല്ലാ വിഭാഗം കാർഡുകൾക്കും, 50/- രൂപ വീതം (സർവ്വീസ് ചാർജ്) അപേക്ഷകൻ ഇ-ട്രഷറി മുഖാന്തിരം ഓൺലൈനായി സർക്കാർ ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. ഓരോ ഓഫീസിനും കീഴിലുള്ള ഇ-റേഷൻകാർഡ് അപേക്ഷകളുടെ ഭാഗമായി സർക്കാർ ശീർഷകത്തിൽ ലഭിച്ച തുക RCMS login-ലെ Report ---> Reconcilitaion Report എന്ന menu ഉപയോഗിച്ച് കാണാവുന്നതാണ്.

3. ഇ-കാർഡ് അപേക്ഷകൾ എല്ലാം തന്നെ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് പരിശോധിക്കുകയും അന്വേഷണമാവശ്യമുള്ള പക്ഷം ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർ അന്വേഷണം നടത്തുകയും താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ആഫീസർമാർ തന്നെ Approve ചെയ്യേണ്ടതുമാണ്.

4. ഇ-റേഷൻകാർഡ് പ്രിന്റൗട്ടിൽ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസറുടെ Digital Signature / scanned signature എന്നിവ ആവശ്യമില്ലാത്ത സാഹചര്യത്തിൽ റേഷൻ കാർഡ് സംബന്ധിച്ചുള്ള അപേക്ഷകൾ Approve ചെയ്യുന്നതിനുള്ള ചുമതല യാതൊരു കാരണവശാലും TSO/CRO-മാർ കീഴ് ജീവനക്കാർക്ക് നൽകുവാൻ പാടുള്ളതല്ല. നിലവിൽ അപേക്ഷകൾ Approve ചെയ്യുന്നതിനുള്ള permission കീഴ് ജീവനക്കാരുടെ user login-ലും നൽകിയിട്ടുള്ള പക്ഷം ആയത് tso admin login മുഖേന ഒഴിവാക്കേണ്ടതാണ്. റേഷൻ കാർഡ് അപേക്ഷകൾ Approve ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള പൂർണ്ണ ഉത്തരവാദിത്വം താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസറിൽ നിക്ഷിപ്തമായിരിക്കും.

5. അപേക്ഷകളുടെ പരിശോധനയിൽ (entry/verifiaction/approval) എന്തെങ്കിലും ന്യൂനത കാണുന്ന പക്ഷം ആയത്, വ്യക്തമായ കാരണം രേഖപ്പെടുത്തി കാലതാമസം കൂടാതെ അപേക്ഷകന് Return ചെയ്ത് നൽകേണ്ടതാണ്. ഇത്തരത്തിൽ പരമാവധി 3 തവണ മാത്രമേ അപേക്ഷ Return ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

6. അപേക്ഷ അംഗീകരിച്ചു കഴിഞ്ഞാൽ കാർഡുമായി ലിങ്കു ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് ഒരു Print Password ലഭിക്കുകയും ടി Password

ഉപയോഗിച്ച് സംസ്ഥാനത്തെ ഏത് അക്ഷയകേന്ദ്രത്തിൽ നിന്നും ഇ-റേഷൻ കാർഡിന്റെ പ്രിന്റ് എടുക്കാവുന്നതുമാണ്. സിറ്റിസൺ ലോഗിൻ മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരമുള്ള ഇ-റേഷൻ കാർഡിന്റെ പ്രിന്റ് സിറ്റീസൺ ലോഗിൻ വഴി തന്നെ അപേക്ഷകന് സ്വന്തമായോ അല്ലെങ്കിൽ ഏതെങ്കിലും അക്ഷയകേന്ദ്രം മുഖേനയോ എടുക്കാവുന്നതാണ്. അപേക്ഷകന്റെ പക്കൽ നിന്നും ടി Print Password നഷ്ടപ്പെടുകയോ, Password മൊബൈലിൽ ലഭ്യമാകാതിരിക്കുകയോ ചെയ്യുന്ന പക്ഷം, അക്ഷയ / സിറ്റിസൺ ലോഗിനിലെ Print menu-വിലെ Forgot password option ഉപയോഗിച്ച് Password വീണ്ടും Generate ചെയ്യാവുന്നതാണ്. ആയത് കൂടാതെ സംസ്ഥാനത്തെ ഏത് TSO/CRO login- ലെയും Prepare --> Search Password option ഉപയോഗിച്ച Password Generate ചെയ്ത് അപേക്ഷകന് നൽകാവുന്നതാണ്.

7. റേഷൻകാർഡ് കളർ പ്രിന്റ് എടുത്ത് ലാമിനേറ്റ് ചെയ്ത് നൽകുന്നതിനാവശ്യമായ പേപ്പർ( 90 മുതൽ 100 GSM വരെ), ലാമിനേഷൻ പൗച്ച്, ലാമിനേറ്റിംഗ് മെഷീൻ, കളർ പ്രിന്റർ എന്നിവ അതാത് അക്ഷയ കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്.

8. ഇ-കാർഡ് കളർ പ്രിന്റ് എടുത്ത് ലാമിനേറ്റ് ചെയ്യുന്നതിന് ഒരു കാർഡിന് 25/-രൂപ അക്ഷയ കേന്ദ്രത്തിന് പ്രിന്റിംഗ് ചാർജായി ഈടാക്കാവുന്നതാണ്. കൂടുതൽ തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി അക്ഷയകേന്ദ്രത്തെ റേഷൻകാർഡ് സംബന്ധമായ സർവ്വീസിൽ നിന്നും മുൻകൂർ അറിയിപ്പ് നൽകാതെ തന്നെ ഒഴിവാക്കുന്നതാണ്.

9. ഇ- റേഷൻ കാർഡ് സംബന്ധമായ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾക്ക് പുറമേ മറ്റ് സർവ്വീസ് സെന്ററുകളും സിറ്റിസൺ ലോഗിൻ ഉപയോഗിച്ച് അപേക്ഷകൾ നൽകുകയും പ്രിന്റ് എടുത്തു നൽകുന്നതായും കാണുന്നു. ടി സ്ഥാപനങ്ങൾ അപേക്ഷകരിൽ നിന്നും നിലവിൽഅക്ഷയ കേന്ദ്രങ്ങൾക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള തുകയിൽ കൂടുതൽ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ടി സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

10. ഇ-റേഷൻകാർഡ് സംബന്ധിച്ച അപേക്ഷകൾ അക്ഷയകേന്ദ്രങ്ങൾ സൂക്ഷമമായി കൈകാര്യം ചെയ്യേണ്ടതും രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്ന അക്ഷയകേന്ദ്രങ്ങളുടെ വിവരം ഈ കാര്യാലയത്തിലെ ഐ.റ്റി വിഭാഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും ടി

അക്ഷയകേന്ദ്രത്തെ റേഷൻകാർഡ് സംബന്ധമായ സർവ്വീസിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്. ഏതെങ്കിലും അക്ഷയകേന്ദ്രങ്ങൾ ഇ-കാർഡുകളുടെ പ്രിന്റുകളോ അപേക്ഷ സമർപ്പിക്കുന്നതിനായി ഹാജരാക്കുന്ന ആധാർ കാർഡ് ഉൾപ്പെടെയുള്ള രേഖകളോ ദുരുപയോഗം ചെയ്താൽ ഐ.ടി ആക്ട് പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്.

11. അനാവശ്യമായി അപേക്ഷകരെ ആഫീസിൽ വരുത്താതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ പല താലൂക്കുകളിലും റേഷൻകാർഡ് സംബന്ധമായ അപേക്ഷകൾ തീർപ്പു കൽപ്പിക്കുന്നതിന് കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റേഷൻകാർഡ് സംബന്ധമായ അപേക്ഷകൾ Right to Service Act പ്രകാരമുള്ള സമയക്ലിപ്തത പാലിച്ചുകൊണ്ട് തീർപ്പു കൽപ്പിക്കുന്നതിന് TSO/CRO മാർ ശ്രദ്ധിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ TSO/CRO മാർ കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ / ജില്ലാ സപ്ലൈ ആഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

**ഒപ്പ്/-**

**സിവിൽ സപ്ലൈസ് ഡയറക്ടർ**

ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ/
എല്ലാ ജില്ലാ സപ്ലൈ/താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസർമാർക്കും

**പകർപ്പ്:-**

1. ഭക്ഷ്യ പൊതു വിതരണ സെക്രട്ടറി, (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ , അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ആഫീസ്.
3. ബഹു സിവിൽ സപ്ലൈസ് കമ്മീഷണർ, ഡയറക്ടർ എന്നിവരുടെ സി.എ മാർക്ക്
4. റേഷനിംഗ് കൺട്രോളർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ചീഫ് അക്കൗണ്ട്സ് ആഫീസർ, വിജിലൻസ് ആഫീസർ എന്നിവരുടെ സി.എ മാർക്ക്.
5. ലാ ആഫീസർ, ഫിനാൻസ് ആഫീസർ, അക്കൗണ്ട്സ് ആഫീസർ, അസിസ്റ്റന്റ് സെക്രട്ടറി- 1, 2, 3
6. സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ.
7. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.
8. കരുതൽ/അധികം.

//അംഗീകാരത്തോടെ//

**അസിസ്റ്റന്റ് സെക്രട്ടറി-2**

സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് കോംപ്ലക്സ്, തിരുവനന്തപുരം-33
ഫോൺ: 0471-2321152, 2320578
Website: www.civilsupplieskerala.gov.in

നം. CCS/3762/2021-IT2 തീയതി.06/11/2021

**<u>സർക്കുലർ നമ്പർ : 20/2021</u>**

വിഷയം : സി.സ. - ഐ.ടി. - പി.വി.സി./പ്ലാസ്റ്റിക് റേഷൻ കാർഡ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്-മാർഗ്ഗ നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

സൂചന : (1) ഈ കാര്യാലയത്തിൽ നിന്നുള്ള സർക്കുലർ നമ്പർ 02/2021 തീയതി 30.04.2021

(2)സർക്കാരിന്റെ 29.10.2021-ലെ സ.ഉ.(സാധാ)427/2021/ഭ.പൊ.വി.വ. നമ്പർ ഉത്തരവ്

താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നും പുസ്തകരൂപത്തിലുള്ള റേഷൻ കാർഡുകൾ നേരിട്ട് അപേക്ഷകർക്ക് വിതരണം ചെയ്തിരുന്ന രീതിയ്ക്ക് പകരമായി , അക്ഷയകേന്ദ്രങ്ങൾ/സിറ്റിസൺ ലോഗിൻ മുഖേന ഓൺലൈൻ അപേക്ഷ നൽകി റേഷൻകാർഡ് സ്വയം പ്രിന്റ് ചെയ്ത് ലാമിനേറ്റ് ചെയ്തെടുക്കുന്ന ഇ -റേഷൻകാർഡ് സംവിധാനം സംസ്ഥാനത്ത് ഇതിനകം തന്നെ പൂർണ്ണമായും നടപ്പിലാക്കിയിരുന്നു . റേഷൻ കടകളിലൂടെയും സപ്ലൈകോ സ്ഥാപനങ്ങളിലൂടെയുമുള്ള വിതരണം ഓൺലൈനായി നടക്കുന്നതിനാൽ ഇന്നർഷീറ്റുകളുള്ള റേഷൻ കാർഡുകൾ ആവശ്യമായി വരുന്നില്ല.

റേഷൻ കാർഡ് കൈകാര്യം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും സൌകര്യപ്രദമായ രീതിയിൽ ATM Card-ന്റെ വലിപ്പത്തിലുള്ള പി.വി.സി./പ്ലാസ്റ്റിക് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് സൂചന (2) പ്രകാരം സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പി.വി.സി./പ്ലാസ്റ്റിക് റേഷൻ കാർഡ് പദ്ധതി സംസ്ഥാനത്തൊട്ടാകെ 02.11.2021-ന് ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വരുത്തുമ്പോൾ ചുവടെ പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. നിലവിൽ ഉപയോഗിച്ചുവരുന്ന പുസ്തക രൂപത്തിലുള്ള റേഷൻ കാർഡ്, ലാമിനേറ്റ് ചെയ്തെടുക്കുന്ന E-Ration Card എന്നിവയുടെ സാധുതയും ഉപയോഗവും ഇല്ലാതാകുന്നില്ല. അതിനാൽ അവ തുടർന്നും ഉപയോഗിക്കാവുന്നതാണ്. **ഈ സാഹചര്യത്തിൽ ATM Card-ന്റെ വലിപ്പത്തിലുള്ള പി.വി.സി./പ്ലാസ്റ്റിക് റേഷൻ കാർഡുകൾ ആവശ്യമുള്ളവർക്ക് മാത്രം ഇതിന്റെ PDF Document അക്ഷയ/സിറ്റിസൺ ലോഗിൻ മുഖേന generate ചെയ്ത്**

**പ്രിന്റ് എടുത്ത് ഉപയോഗിക്കാവുന്നതാണ്.**

2. അക്ഷയ/സിറ്റിസൺ ലോഗിൻ മുഖേന പി.വി.സി./പ്ലാസ്റ്റിക് റേഷൻകാർഡിന്റെ PDF Document generate ചെയ്യുന്നതിന് സർക്കാരിലേക്ക് ഫീസ് അടയ്ക്കേണ്ടതില്ല.

3. ഒരു റേഷൻ കാർഡ് പി.വി.സി./പ്ലാസ്റ്റിക് കാർഡാക്കി മാറ്റുന്നതിന് അക്ഷയ/സിറ്റിസൺ ലോഗിനിലുള്ള **PRINT--> E-Card/PVC Card Print** എന്ന Option ഉപയോഗിക്കേണ്ടതാണ്. **അക്ഷയ ലോഗിനിൽ** ടി Option ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ പി.വി.സി./പ്ലാസ്റ്റിക് കാർഡാക്കി മാറ്റേണ്ട റേഷൻ കാർഡിന്റെ ബാർകോഡ് നമ്പർ ടൈപ്പ് ചെയ്തശേഷം PRINT button ക്ലിക്ക് ചെയ്യുമ്പോൾ തന്നെ കാർഡ് പ്രിന്റിംഗിനുള്ള PDF Document ലോഗിനിൽ ലഭ്യമാകുന്ന രീതിയിലാണ് പുതിയ സംവിധാനം ക്രമീകരിച്ചിരിക്കുന്നത്. PDF Document download ചെയ്യുന്ന സമയത്ത് തന്നെ കാർഡുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് ഒരു Print Password ലഭിക്കുകയും ടി Password ഉപയോഗിച്ച് PDF Document open ചെയ്യാവുന്നതുമാണ്. ഈ PDF ഉപയോഗിച്ച് അക്ഷയ വഴിയോ മറ്റ് കമ്പ്യൂട്ടർ സ്ഥാപനങ്ങൾ വഴിയോ പി.വി.സി./പ്ലാസ്റ്റിക് കാർഡ് പ്രിന്റ് ചെയ്തെടുക്കാവുന്നതാണ്. **അക്ഷയ കേന്ദ്രം വഴി PVC / Plastic കാർഡ് രൂപത്തിൽ പ്രിന്റ് എടുക്കുന്നതിന് സർവ്വീസ് ചാർജ്ജും പ്രിന്റിംഗ് ചാർജ്ജുമുൾപ്പെടെ ആകെ 65/- രൂപയാണ് അക്ഷയ കേന്ദ്രത്തിന് നൽകേണ്ടത്.** PVC / Plastic കാർഡിന് പുറമെ, ഇതേ പേജിൽ നിന്നും തന്നെ റേഷൻ കാർഡിന്റെ E-Card PDF Document-ഉം download ചെയ്ത് ഇതേ Print Password തന്നെ ഉപയോഗിച്ച് പ്രിന്റ് എടുത്ത് ഉപയോഗിക്കാവുന്നതാണ്. അക്ഷയ കേന്ദ്രം വഴി E-Card കളർ പ്രിന്റ് എടുത്ത് ലാമിനേറ്റ് ചെയ്ത് നൽകുന്നതിന് നിലവിലെ ഉത്തരവ് പ്രകാരമുള്ള 25/- രൂപ മാത്രമേ അക്ഷയ കേന്ദ്രങ്ങൾ ഈടാക്കുവാൻ പാടുള്ളൂ.

4. **സിറ്റിസൺ ലോഗിനിൽ** PRINT--> E-Card/PVC Card Print Option ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ നിന്നും റേഷൻ കാർഡിന്റെ PVC/ Plastic കാർഡിന്റെയും E-Card-ന്റെയും PDF Documents download ചെയ്ത് ഉപയോഗിക്കാവുന്നതാണ്. PDF Document download ചെയ്യുന്ന സമയത്ത് തന്നെ കാർഡുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് ഒരു Print Password ലഭിക്കുകയും ടി Password ഉപയോഗിച്ച് PDF Document open ചെയ്യാവുന്നതുമാണ്.

5. Print Password കാർഡുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിൽ ലഭ്യമാകാതെ

വരികയാണെങ്കിൽ TSO/CRO Login-നിലുള്ള Search Password പേജിൽ റേഷൻ കാർഡ് നമ്പർ നൽകിയാൽ Password ലഭ്യമാകുന്നതാണ്. ആയത് അപേക്ഷകന് നിർബന്ധമായും നൽകേണ്ടതാണ്. ഇത്തരത്തിൽ Print Password റേഷൻ കാർഡ് ഉടമയ്ക്കോ അപേക്ഷകനോ ഫോൺ / Email മുഖാന്തിരം കൈമാറുന്നതിന് പല TSO-മാരും വൈമുഖ്യം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ഫോൺ / Email മുഖാന്തിരം Password ആവശ്യപ്പെടുന്ന വ്യക്തിയുടെ ആധികാരികതയിൽ സംശയമുള്ളപക്ഷം, ആവശ്യമെങ്കിൽ RCMS Data-യിലെ റേഷൻ കാർഡ് വിവരങ്ങളുമായി ഒത്തുനോക്കിയ ശേഷം ഫോൺ / Email മുഖാന്തിരം തന്നെ Password നൽകേണ്ടതാണ്. **അനാവശ്യമായി യാതൊരു കാരണവശാലും കാർഡ് ഉടമയെയോ അപേക്ഷകനെയോ ഓഫീസിലേക്ക് നേരിട്ട് വിളിച്ചു വരുത്താൻ പാടുള്ളതല്ല.**

6. നിലവിലുള്ള റേഷൻ കാർഡ് പി.വി.സി./പ്ലാസ്റ്റിക്/E-Card എന്നീ രൂപത്തിലാക്കി ഉപയോഗിക്കുന്നതിന് TSO/CRO Approval ആവശ്യമില്ല. എന്നാൽ റേഷൻ കാർഡിൽ മാറ്റങ്ങൾ ആവശ്യമുള്ളപക്ഷം e-Service മുഖേന അപേക്ഷ സമർപ്പിച്ച് ആയത് TSO/CRO Approve ചെയ്യുന്ന മുറയ്ക്ക് മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ പി.വി.സി./പ്ലാസ്റ്റിക്/E-Card-നുള്ള PDF Documents download ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

7. TSO / CRO Login-ലുള്ള conversion/inspection module ഉപയോഗിച്ച് വിഭാഗം (category) മാറ്റിയ റേഷൻ കാർഡിന്റെ പി.വി.സി./പ്ലാസ്റ്റിക്/E-Card എന്നീ രൂപത്തിലുള്ള PDF Documents മുകളിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ അക്ഷയ /സിറ്റിസൺ ലോഗിൻ മുഖേന generate ചെയ്ത് പ്രിന്റ് എടുത്ത് ഉപയോഗിക്കാവുന്നതാണ്. ആയതിനും സർക്കാരിലേക്ക് പ്രത്യേകമായി ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ അക്ഷയ കേന്ദ്രത്തിന് മേൽ പ്രകാരമുള്ള സർവീസ്/പ്രിന്റ് ചാർജ്ജ് നൽകേണ്ടതാണ്.

7. അക്ഷയ കേന്ദ്രങ്ങൾ മുഖേന പി.വി.സി./പ്ലാസ്റ്റിക് കാർഡുകൾ പ്രിന്റെടുത്ത് എടുക്കുമ്പോൾ ആയതിലേയ്ക്കായി ഉപയോഗിക്കുന്ന പി.വി.സി./പ്ലാസ്റ്റിക് മെറ്റീരിയലിന് കുറഞ്ഞത് 0.76 മില്ലീ മീറ്റർ കനം ഉണ്ടായിരിക്കേണ്ടതും, ATM Card-ന്റെ വലിപ്പത്തിലുള്ളതായിരിക്കേണ്ടതുമാണ് (85.60 mm Length × 53.98 mm Breadth).

8. പി.വി.സി./പ്ലാസ്റ്റിക്/E-Card പ്രിന്റുകൾക്ക് മേൽ പരാമർശിച്ചിട്ടുള്ളവയ്ക്ക് വിരുദ്ധമായി കൂടുതൽ തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി അക്ഷയകേന്ദ്രത്തെ റേഷൻകാർഡ് സംബന്ധമായ സർവ്വീസിൽ നിന്നും മുൻകൂർ അറിയിപ്പ് നൽകാതെ തന്നെ ഒഴിവാക്കുന്നതാണ്. ഇത്തരത്തിൽ അക്ഷയ കേന്ദ്രങ്ങൾ അധികമായി തുക

ഈടാക്കുന്നതായി പരാതികൾ ലഭിച്ചാൽ ആയത് TSO/CRO-മാരുടെ റിപ്പോർട്ട് സഹിതം ഈ കാര്യാലയത്തിലേക്ക് അയച്ചു നൽകേണ്ടതാണ്.

9. പി.വി.സി./പ്ലാസ്റ്റിക്/E-Card സംബന്ധമായ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾക്ക് പുറമേ മറ്റ് സർവ്വീസ് സെന്ററുകളും സിറ്റിസൺ ലോഗിൻ ഉപയോഗിച്ച് അപേക്ഷകൾ നൽകുകയും പ്രിന്റ് എടുത്തു നൽകുന്ന അവസരങ്ങളിൽ , ടി സ്ഥാപനങ്ങൾ അപേക്ഷകരിൽ നിന്നും നിലവിൽ അക്ഷയ കേന്ദ്രങ്ങൾക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള തുകയിൽ കൂടുതൽ ഈടാക്കുന്നതായി പരാതി ലഭിക്കുന്നപക്ഷം ആയത് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി TSO/CRO-മാർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. E-Card സംബന്ധിച്ചുള്ള മറ്റ് നിർദ്ദേശങ്ങൾ സൂചന (1) പ്രകാരമുള്ള സർക്കുലർ പ്രകാരം പാലിക്കേണ്ടതാണ്.

**വിശ്വസ്തതയോടെ**
**ഒപ്പ്/-**
**സിവിൽ സപ്ലൈസ് കമ്മീഷണർ**

എല്ലാ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർക്കും,
എല്ലാ ജില്ലാ സപ്ലൈ/താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസർമാർക്കും

പകർപ്പ്:

1. ഭക്ഷ്യ പൊതു വിതരണ സെക്രട്ടറി (ആമുഖ കത്ത് സഹിതം)
2. സി.എം.ഡി. സപ്ലൈകോ (ആമുഖ കത്ത് സഹിതം)
3. ഡയറക്ടർ, അക്ഷയ സ്റ്റേറ്റ് പ്രോജക്ട്.
4. ബഹു. സിവിൽ സപ്ലൈസ് കമ്മീഷണർ, ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, റേഷനിംഗ് കൺട്രോളർ, ചീഫ് അക്കൗണ്ട്സ് ആഫീസർ, വിജിലൻസ് ആഫീസർ എന്നിവരുടെ സി.എ മാർക്ക്.
5. ലാ ആഫീസർ, ഫിനാൻസ് ആഫീസർ, അക്കൗണ്ട്സ് ആഫീസർ, അസിസ്റ്റന്റ് സെക്രട്ടറി- 1, 2, 3, സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ.
6. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.

//അംഗീകാരത്തോടെ//

Signature valid
Digitally signed by ANIDATH S SATHYAVAN
Date: 2021.11.06 17:19:54 IST
Reason: Approved

അസിസ്റ്റന്റ് സെക്രട്ടറി-2

This is an E-Office Document, does not require Signature in ink

15 YEARS OF CELEBRATING THE MAHATMA

AKSHAYA
Gateway of Opportunities

**Akshaya State Project Office**

Kochumadathil Building, T.C 25/2251, Manjalikulam Road,Thampanoor, Thiruvananthapuram-695 001, Kerala,India
Tel: +91-471-2324220, +91-471-2324219, Email: aspo@akshaya.net, Web: www. akshaya.kerala.gov.in

KERALA STATE IT MISSION
Kerala State IT Mission
Government of Kerala

**AKS/283/2020/ 556** **Dtd.20.11.2020**

**Chief Executive Officer**
**V.F.P.C.K**
**Mythri Bhavan**
**Seaport - Airport Rd**
**Near Doordarshan Kendra**
**Kakkanad, Kochi-682037**

**Sir,**

Sub:- Registering Farmers under VFPCK in AIMS Portal-reg.

Ref:- Letter No.TM1-VFPCK/H07/MKTG/AIP/3121 dated 06/11/2020.

We are happy to accept your proposal for associating with Akshaya Project for the online registration of farmers in AIMS portal. As requested, necessary support will be provided by Akshaya for registering the farmers.

We have analysed the work involved in the registration process and suggesting Rs.60/- as service charge of Akshaya for doing the registration of farmers in AIMS portal. The rate suggested is minimum as per the prevailing G.O. The service charge will be collected from farmers after completing the registration process.

Thanking You

Yours Faithfully

**Dr.Chithra S. IAS**
**Director**

Dr. CHITHRA S IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

RM
MSD

www.keralait.org

**ഡയറക്ടർ, അക്ഷയ സംസ്ഥാന പ്രൊജക്റ്റ് ഓഫീസ്, തിരുവനന്തപുരം നടപടിക്രമങ്ങൾ**

**(ഹാജർ: സ്നേഹിൽ കുമാർ സിംഗ് ഐഎഎസ്)**

വിഷയം :- KFWFB സ്കീം – അക്ഷയ മുഖേന കർഷകരുടെ ഓൺലൈൻ രെജിസ്ട്രേഷൻ നടത്തുന്നതിനുള്ള സേവന നിരക്ക് – സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. 29.11.2021 തീയതിയിലെ 14/A1/2021/KFWFB നമ്പർ കത്ത്
2. 06.12.2021 തീയതിയിലെ AKS/195/2021 /637 നമ്പർ കത്ത്
3. 14.12.2021 തീയതിയിലെ A1/58/2021/KFWFB നമ്പർ കത്ത്
4. 07.01.2022 തീയതിയിലെ AKS/195/2021/18 നമ്പർ കത്ത്
5. 09.05.2018 തീയതിയിലെ സ ഉ (അച്ചടി ) നം 03/2018 /വിസവ.
6. IT Office File No.AKS/195/2021

**No. AKS/195/2021/84.** **തീയതി:03.02.2022**

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന കർഷക ക്ഷേമനിധി ബോർഡിൽ സംസ്ഥാനത്തെ വിവിധ മേഖലകളിലുള്ള കർഷകരുടെ ഓൺലൈൻ രെജിസ്ട്രേഷൻ നടത്തുമ്പോൾ അക്ഷയ സംരംഭകർക്ക് അപേക്ഷകരിൽ നിന്നും ചുവടെ പറയും പ്രകാരം സേവന നിരക്ക് ഈടാക്കാവുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| **ഒരു സ്ഥലത്തിന്റെ മാത്രം വിവരങ്ങൾ ഉൾപ്പെടുത്തി ഓൺലൈൻ രെജിസ്ട്രേഷൻ നടത്തുന്നതിന് (സ്കാനിംഗ് & പ്രിൻറിംഗ് ഉൾപ്പെടെ)** | **: ₹40(നാല്പതു രൂപ)** |
| **ഓൺലൈൻ പെയ്മെന്റ്** | **: ₹10(പത്തു രൂപ )** |
| **ഓരോ അധിക സ്ഥലത്തിന്റെയും വിവരങ്ങൾ ചേർക്കുന്നതിന് സ്കാനിംഗിനും പ്രിൻറിംഗിനും** | **:₹3(മൂന്ന് രൂപ )ഓരോ പേജിനും** |

കർഷക ക്ഷേമനിധി ബോർഡിൽ കർഷകരുടെ ഓൺലൈൻ രെജിസ്ട്രേഷൻ നടത്തുമ്പോൾ ഇതിനായി നിശ്ചയിച്ചിരിക്കുന്ന തുക മാത്രമേ സേവന നിരക്കായി ഈടാക്കാവൂ എന്ന നിർദേശം എല്ലാ അക്ഷയ സംരംഭകർക്കും നല്കേണ്ടതും ആയത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ജില്ല പ്രോജക്റ്റ് മാനേജർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

**സ്നേഹിൽ കുമാർ സിംഗ് ഐഎഎസ്**
**ഡയറക്ടർ**

SNEHIL KUMAR SINGH IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

പകർപ്പ്

1. ജില്ലാ പ്രൊജക്റ്റ് മാനേജർമാർ, അക്ഷയ
2. കരുതൽ ഫയൽ

563

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(നിലവിൽ : പി.എം.അലി അസ്ഗർ പാഷ ഐ.എ.എസ്)**

വിഷയം : പട്ടികജാതി വികസനം - ടി ഗ്രാന്റ്സ് പദ്ധതി - ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനായി അക്ഷയ സെന്ററുകളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സർക്കാർ ഉത്തരവ്(കൈ) നം.48/2017/പജപവവിവ, തീയതി 19.06.2017.
2) അക്ഷയ ഡയറക്ടറുടെ 03.10.2017 ലെ 914/2017/എ.കെ.എസ്/349 നമ്പർ കത്ത്.

---

**ഉത്തരവ് നം. ഡെവ.ബി1-7888/17** **തീയതി : 27.10.2017**

---

ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്ന പദ്ധതി ഓൺലൈനായി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ചികിത്സാധനസഹായ അപേക്ഷകൾ ഓൺലൈൻ മുഖേന അപ്‌ലോഡ് ചെയ്യുന്ന തിന് അപേക്ഷ ഒന്നിന് 40/- രൂപ നിരക്കിൽ സർവ്വീസ് ചാർജ്ജ് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അക്ഷയ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ചികിത്സാ ധനസഹായ പദ്ധതി ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിന് വേണ്ടി അപേക്ഷയും അനുബന്ധ രേഖകളും സമയബന്ധിതമായി അപ്‌ലോഡ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അക്ഷയ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും പൂർണ്ണമായ നിലയിൽ അപ്‌ലോഡ് ചെയ്ത അപേക്ഷയുടെ വിവരങ്ങൾ ഹാജരാക്കുന്ന മുറയ്ക്ക് അപേക്ഷ ഒന്നിന് 40/- രൂപ + ജിഎസ്ടി നിരക്കിൽ സർവ്വീസ് ചാർജ്ജ് അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഡയറക്ടർ

**ഡയറക്ടർ**
**അക്ഷയ, കൊച്ചുമഠത്തിൽ ബിൽഡിംഗ്,**
**ടി.സി.25/2251, മാഞ്ഞാലിക്കുളം റോഡ്, തമ്പാനൂർ**

1. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ-സി എ മുഖേന
2. ജോയിന്റ് ഡയറക്ടർ (വികസനം)
3. കരുതൽ ഫയൽ/ അധികം.

അക്ഷയ സംസ്ഥാന പ്രോജക്ട് ഓഫീസ്
രണ്ടാം നില, 'സാങ്കേതിക', വൃന്ദാവൻ ഗാർഡൻസ്, പട്ടം പി.ഓ. തിരുവനന്തപുരം - 695 004, കേരളം, ഇന്ത്യ
ഫോൺ: +91-471-2525444, ഇ-മെയിൽ: aspo@akshaya.net, വെബ്: www.akshaya.kerala.gov.in

അക്ഷയ
അവസരങ്ങളുടെ ജാലകം

KERALA STATE IT MISSION
കേരള സ്റ്റേറ്റ് ഐടി മിഷൻ
കേരള സർക്കാർ

AKS/388/2022/717 01.08.2022

**സാമൂഹ്യ നീതി ഡയറക്ടർ**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്**
**വികാസ് ഭവൻ, തിരുവനന്തപുരം**

സർ,

വിഷയം :- അക്ഷയ പ്രോജക്റ്റ്- സുനീതി പോർട്ടൽ - അക്ഷയ കേന്ദ്രങ്ങൾ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള സേവന നിരക്ക് - സംബന്ധിച്ച്.

സൂചന:- 1. 11.07.2022 ലെ താങ്കളുടെ SJD/5454/2021-PC1 നമ്പർ കത്ത്

2. 20.07.2022 ലെ താങ്കളുടെ SJD/5454/2021-PC1 നമ്പർ കത്ത്.

3. 09.05.2018 തീയതിയിലെ സ.ഉ.(അച്ചടി) നം . 03/2018/വി.സ.വ. നമ്പർ സർക്കാർ ഉത്തരവ്

വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. സാമൂഹ്യ നീതി വകുപ്പിന്റെ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്കായുള്ള അപേക്ഷകൾ സുനീതി പോർട്ടലിൽ ഓൺലൈൻ ആയി അക്ഷയ കേന്ദ്രങ്ങൾ മുഖേന സമർപ്പിക്കുന്നതിന് അപേക്ഷകരിൽ നിന്നും ഈടാക്കാവുന്ന സേവന നിരക്ക് നിശ്ചയിച്ച് നല്കാൻ സൂചന 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സൂചന 2 പ്രകാരം ലഭിച്ച ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വിശദാംശങ്ങൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത 31 പദ്ധതികൾക്കും താഴെ പറയും പ്രകാരം സേവന നിരക്ക് നിശ്ചയിക്കുന്നു.

1. **സുനീതി പോർട്ടലിൽ രെജിസ്റ്റർ ചെയ്യുന്നതിന് - Rs.20/-**
2. **അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സ്ഥാപനതലവൻ സാക്ഷ്യപ്പെടുത്തേണ്ട അപേക്ഷ ഫോമുകൾ ഡൌൺ ലോഡ് ചെയ്ത് പ്രിൻറ് എടുക്കുന്നതിന് -Rs.5/- (ഓരോ പേജിനും)**
3. **ഒരു ഗുണഭോക്തൃ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിന് - Rs.20/-**
4. **രേഖകളുടെ സ്കാനിംഗ് , അപ് ലോഡിംഗ് & പ്രിൻറിംഗ് - Rs.3/- (ഓരോ പേജിനും)**

വിശ്വസ്തതയോടെ,

**സ്നേഹിൽ കുമാർ സിംഗ് ഐഎഎസ്**
**ഡയറക്ടർ**

SNEHIL KUMAR SINGH IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

IT Kerala
www.keralait.org

അക്ഷയ സംസ്ഥാന പ്രോജക്ട് ഓഫീസ്
കൊച്ചുമഠത്തിൽ ബിൽഡിംഗ്, ടി.സി.25/2251, മാഞ്ഞാലിക്കുളം റോഡ്, തമ്പാനൂർ, തിരുവനന്തപുരം 695 001, കേരളം, ഇന്ത്യ.
ഫോൺ: +91-471-2324220, +91-471-2324219, ഇ മെയിൽ: aspo@akshaya.net, വെബ്: www. akshaya.kerala.gov.in

അക്ഷയ
അവസരങ്ങളുടെ ജാലകം

150 YEARS OF CELEBRATING THE MAHATMA

KERALA STATE IT MISSION
കേരള സ്റ്റേറ്റ് ഐടി മിഷൻ
കേരള സർക്കാർ

നമ്പർ AKS/175/2019/ 142 തീയതി:05.03.2020

മാനേജിങ് ഡയറക്ടർ
കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ
തിരുവനന്തപുരം

സർ,

വിഷയം:- അക്ഷയ പ്രൊജക്റ്റ് – ലേബർ ഡാറ്റ ബാങ്ക് രെജിസ്ട്രേഷൻ – സംബന്ധിച്ച്

സൂചന:- 06.01.2020 തീയതിയിലെ KADCO/E4/553/WEB/2013/312/2020 നമ്പർ കത്ത്

വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ലേബർ ഡാറ്റബാങ്ക് രെജിസ്ട്രേഷൻ അക്ഷയ വഴി നടത്തുന്നതിലേക്കായി അക്ഷയയുമായി ധാരണാപത്രം ഒപ്പുവച്ചിരുന്നത് പ്രകാരം രെജിസ്ട്രേഷൻ ഫോമുകൾ ഡാറ്റ എൻട്രികൾക്കു ശേഷം KADCO തിരിച്ചെടുക്കും എന്നുള്ള ധാരണയിൽ 35/-രൂപയാണ് രെജിസ്ട്രേഷൻ ഫീസായി തീരുമാനമായത്. എന്നാൽ ഈ ഫോമുകൾ തിരിച്ചെടുക്കുന്നത് പ്രായോഗികമല്ല എന്നും തുടർ പരിശോധനകൾക്ക് വേണ്ടി സ്കാൻ ചെയ്തു അപ്‌ലോഡ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിൽ സൂചനയിൽ ആവശ്യപ്പെട്ട പ്രകാരം KADCO ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുവാനുള്ള അധിക തുകയായ 6/-രൂപ എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ച 35/- രൂപയിൽ ഉൾകൊള്ളിച്ചതായി അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ഡോ. ചിത്ര എസ്. ഐ.എ.എസ്.
ഡയറക്ടർ

Dr. CHITHRA S IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

IT Kerala
www.keralait.org

**PROCEEDINGS OF THE DIRECTOR, ASKHAYA STATE PROJECT OFFICE, THIRUVANANTHAPURAM**

(Present: Snehil Kumar singh IAS)

Sub:- Service charge for online Job Seekers - Registration in Digital Workforce Management System (DWMS)_Kerala Knowledge Economy Mission through Akshaya Centres - Orders issued.

Ref:- 1. Proceedings No. AKS/58/2022/148 Dtd,.02.03.2022
2. Letter No.DO No.429/2022/KDISC Dtd.06.09.2022

**No.AKS/58/2022/852.**

**Thiruvananthapuram,**
**Dtd.28.09.2022**

**ORDER**

It has been decided to implement the Registration of Job Seekers in Digital Workforce Management System (DWMS) of Kerala Knowledge Economy Mission through Akshaya Centres and the service charges for the same was fixed vide proceedings referred above. The same is cancelled and revised rates are fixed as per the recommendations of K-DISC vide letter referred above and is as follows.

**Registration of identified job seekers:**

- **Registration of the identified job seekers in DWMS portal : Rs.30/- (Rupees Thirty only) per registration**
- **Registration at the door steps of job seekers: Rs.50/-(Rupees Fifty only) per registration plus actual logistic expenses.**

The registration process implies adding the job seeker in the DWMS portal with email ID and the basic details required for job matching i.e. adding the details of General Information, Education, Skill and Experience Profiles.

**Profile Updation/ Filing Applications:**

- Rs.50/-(Rupees Fifty only) per candidate plus actual logistic expenses.

The process involves completing the profile of the candidates by uploading the details required for Education, Skill and Experience Profiles as well as updating the details of Additional Information and Profile Abstraction

**Facilitating Online Interviews/Assessments/On-Boarding:**

Rs.75/-(Rupees seventy five only) per candidate.

The process of facilitating interview/assessments implies that Akshaya shall support the candidates in applying for jobs and shall consent the candidates to access the akshaya facilities (access to computers/laptops with internet connection) to attend online interviews/assessments.

In addition, for scanning /printing, ₹.7/- (rupees seven only) per page for any of the above services.

All District Project Managers are directed to ensure that the services are rendered by all Akshaya Centres and exorbitant service charges are not collected by the Akshaya Entrepreneurs.

**Snehil Kumar Singh IAS**
**Director**

SNEHIL KUMAR SINGH IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

To

1. All District Project Managers, Akshaya
2. Stock File

**ഡയറക്ടർ, അക്ഷയ സംസ്ഥാന പ്രൊജക്ട് ഓഫീസ്,തിരുവനന്തപുരം, നപടിക്രമങ്ങൾ**

**(ഹാജർ: സ്നേഹിൽ കുമാർ സിംഗ് ഐഎഎസ് )**

വിഷയം:- അക്ഷയ പ്രൊജക്ട് -ലീഗൽ മെട്രോളജി വകുപ്പ് - വ്യാപരികളുടെ വിവരങ്ങൾ അക്ഷയ മുഖേന ഡാറ്റ എൻട്രി നടത്തുന്നത് - ബന്ധപ്പെട്ട നിർദേശങ്ങൾ - സർവീസ് ചാർജ് - സംബന്ധിച്ച്

പരാമർശം :- 1. 11.08.2022 തീയതിയിലെ നം. LMD-HQ/4295/2021-ITS നമ്പർ കത്ത്.
2. 22.12.2022 തീയതിയിലെ AKS/657/2022/1063 നമ്പർ കത്ത്
3. 06.01.2023 തീയതിയിലെ നമ്പർ .LMD-HQ/364/2022-ITS നമ്പർ കത്ത്

No. AKS/657/2022/33 തീയതി:16.01.2023

<u>ഉത്തരവ്</u>

ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ അളവ് തൂക്ക ഉപകരണങ്ങൾ മുദ്ര ചെയ്യുന്നതിന് രെജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപരികളുടെ വിവരങ്ങൾ ഓൺലൈൻ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി ചെയ്യുന്നതിന് അക്ഷയ കേന്ദ്രങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട് .

ഒരു റെക്കോർഡിലെ(സെർട്ടിഫിക്കറ്റിലെ ) വിവരങ്ങൾ ഡാറ്റ എൻട്രി നടത്തുന്നതിന് 18 രൂപയായി നിശ്ചയിച്ചിട്ടുണ്ട് .

ആദ്യ ഘട്ടത്തിൽ ജില്ലാ ഡെപ്യൂട്ടി കൺട്രോളർ ഓഫീസുകളിലെ വിവരങ്ങൾ അതാത് ഓഫീസുകളിലെ കംപ്യൂട്ടർ, ഇൻററനെറ്റ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി 15 ദിവസത്തിനകം ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതാണ്.

ഓരോ ഓഫീസിലെ ഡാറ്റ എൻട്രി പൂർത്തിയാക്കുമ്പോഴും അതാത് ഓഫീസുകളിൽ നിന്നും കംപ്ലീഷൻ സെർട്ടിഫിക്കറ്റ് വാങ്ങി ജില്ലാ പ്രോജക്റ്റ് മാനേജർമാർ അക്ഷയ സംസ്ഥാന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കംപ്ലീഷൻ സെർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ തുക അനുവദിച്ചു കിട്ടുകയുള്ളൂ.

മേൽ നിർദേശങ്ങൾ പാലിച്ച് ഡാറ്റ എൻട്രി സമയബന്ധിതമായി പൂർത്തീകരിക്കാൻ ജില്ല പ്രോജക്റ്റ് മാനേജർമാരെ ചുമതലപ്പെടുത്തുന്നു.

**സ്നേഹിൽ കുമാർ സിംഗ് ഐ എ എസ്**
**ഡയറക്ടർ**

SNEHIL KUMAR SINGH IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

To
ജില്ലാ പ്രൊജക്ട് മാനേജർമാർ, അക്ഷയ

Copy To
കരുതൽ ഫയൽ

**ഡയറക്ടർ, അക്ഷയ സംസ്ഥാന പ്രൊജക്റ്റ് ഓഫീസ്, തിരുവനന്തപുരം, നടപടിക്രമങ്ങൾ**
**ഹാജർ : (സ്നേഹിൽ കുമാർ സിംഗ് ഐ.എ.എസ്)**

വിഷയം:- അക്ഷയ പ്രൊജക്റ്റ് - 2022-23 വർഷത്തെ ITI അഡ്മിഷനുമായി ബന്ധപ്പെട്ട ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് -സർവീസ് ചാർജ് നിശ്ചയിച്ചത് - സംബന്ധിച്ച്

സൂചന:- 1. 18-06-2022- ലെ വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിങ് ഡയറക്ടറേറ്റ് - നമ്പർ.DT/1953/2022-C1 Part (1) കത്ത്.

2. 27.06.2022 തീയതി അക്ഷയ സംസ്ഥാന ഓഫീസിലെ ഉദ്യോഗസ്ഥർ വ്യവസായിക വകുപ്പ് ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുമായി നടത്തിയ മീറ്റിങ്ങിന്റെ മിനിട്ട്സ്.

നം. AKS/808/2018-716

തീയതി : 01.08.2022

**ഉത്തരവ്**

2022-23 അദ്ധ്യയന വർഷത്തെ ഐ.ടി.ഐ അപേക്ഷകൾ ഓൺലൈനായി അക്ഷയ കേന്ദ്രങ്ങളിലൂടെ സമർപ്പിക്കുന്നതിനും ഒരു ഏകീകൃത സർവീസ് ചാർജ് നിശ്ചയിക്കുന്നതിനുമായി സൂചന (1) പ്രകാരമുള്ള വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 27.06.2022 ൽ അക്ഷയ സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസിൽ വച്ച് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രിന്റിങ്, സ്കാനിംഗ് ഉൾപ്പെടെ അക്ഷയ സംരംഭകർ അപേക്ഷകരിൽ നിന്നും സേവനനിരക്കായി ഈടാക്കേണ്ട തുക 40/- രൂപ (പരമാവധി 10 ഐ.ടി.ഐ. തിരഞ്ഞെടുക്കുന്നതിന്) ആയി നിശ്ചയിച്ച് ഉത്തരവാകുന്നു.

ഐ.ടി.ഐ. അഡ്മിഷനുള്ള അപേക്ഷകൾ അപാകതകൾ കൂടാതെ സമർപ്പിക്കണമെന്ന് നിർദ്ദേശം എല്ലാ അക്ഷയ സംരംഭകർക്കും നൽകുന്നതോടൊപ്പം ഇതിനായി അംഗീകരിച്ച സേവനനിരക്ക് മാത്രമേ അക്ഷയ കേന്ദ്രങ്ങൾ അപേക്ഷകരിൽ നിന്നും ഈടാക്കുന്നുള്ളൂ എന്നും ജില്ലാ പ്രൊജക്റ്റ് മാനേജർമാർ ഉറപ്പുവരുത്തേണ്ടതാണ്.

സ്നേഹിൽ കുമാർ സിംഗ് ഐ.എ.എസ്,
ഡയറക്ടർ.

SNEHIL KUMAR SINGH IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

പകർപ്പ്,

1. ട്രെയിനിങ് ഡയറക്ടറേറ്റ് ,തൊഴിൽ ഭവൻ ,തിരുവനന്തപുരം.
2. എല്ലാ അക്ഷയ ജില്ലാ പ്രൊജക്റ്റ് ഓഫീസ്.
3. കരുതൽ ഫയൽ.

**PROCEEDINGS OF THE DIRECTOR, ASKHAYA STATE PROJECT OFFICE, THIRUVANANTHAPURAM**

(Present: Dr.Chithra S. IAS)

Sub:- Service charge of online services of "THUNA" portal of Kerala Police in Akshaya Centres - Orders issued

Ref:- 1.e-mail received from CCTNS on 16.07.2019
2.Lr.No.AKS/412/2019/509 dtd.22.08.2019
4.e-mail received from CCTNS on 29.08.2019

No.AKS/412/2019/ 529

Thiruvananthapuram,
Dtd.04.09.2019

**ORDER**

We have decided to implement the online services of "THUNA" the Citizen Portal of Kerala Police which is the part of CCTNS(Crime & criminal Tracking Network & Systems) project, through Akshaya and the service charges for online services has been fixed as given below

| Sl.No. | Functionality | Rate (Rs) |
|---|---|---|
| 1 | User Registration | 20 |
| 2 | Complaint Registration | |
| | (i) If the details of complaint is scanned and uploaded | 50 (scanning charge additional) |
| | (ii) If the details of complaint is to be entered | 80 |
| 3 | Employee verification | 50 |
| 4 | Police clearance Certificate Request | 50 |
| 5 | Event/Performance Request | 100 |
| 6 | Protest/Strike Request | 100 |
| 7 | Procession Request | 100 |
| 8 | Mike Request | 100 |
| 9 | View FIR & Print | 20 (Printing charge additional) |
| 10 | G.D search & print | 20 |
| 11 | NOC Request | 50 |

| | | |
|---|---|---|
| 12 | Automobile Enquiry | 30 |
| 13 | Status search | 20 |
| *** Printing & Scanning charges @Rs.5/- per page extra** | | |

All DPMs are directed to ensure that the services are rendered in all Akshaya Centres and the service charges are to be collected as above. DPMs have to liaison with Nodal Officers of "THUNA" team for smooth implementation of the project.

**Dr.Chithra S. IAS**
**Director**

Dr.CHITHRA S IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

To

District Project Managers, Akshaya

Copy to:

1.DIG, AP Battalions
2.Officers & Managers, Akshaya
3.Stock File

അക്ഷയ സംസ്ഥാന പ്രോജക്ട് ഓഫീസ്
രണ്ടാം നില, 'സാങ്കേതിക', വൃന്ദാവൻ ഗാർഡൻസ്, പട്ടം പി.ഓ. തിരുവനന്തപുരം - 695 004, കേരളം, ഇന്ത്യ
ഫോൺ: +91-471-2525444, ഇ-മെയിൽ: aspo.akshaya@kerala.gov.in വെബ്: www.akshaya.kerala.gov.in

അക്ഷയ
അവസരങ്ങളുടെ ജാലകം

KERALA STATE IT MISSION
കേരള സ്റ്റേറ്റ് ഐടി മിഷൻ
കേരള സർക്കാർ

AKS/293/2021/PA(ASPO)872 24.08.2023

സെക്രട്ടറി
ഇലക്ട്രോണിക്സ് &വിവര സാങ്കേതിക വിദ്യ(സി) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം.

സർ,

വിഷയം :- അക്ഷയ പ്രോജക്റ്റ്—ഇ-മുലാക്കത്ത് സംവിധാനം അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്നതിനായി സേവന നിരക്ക് നിശ്ചയിക്കുന്നത്- സംബന്ധിച്ച്

സൂചന :- 1. 30.09.2021 തീയതിയിലെ P1-11515/2014/PrHQ നമ്പർ കത്ത്

2. 30.03.2023 തീയതിയിലെ സ. ഉ. (കൈ) നം. 14/2023/ഐടിഡി നമ്പർ സർക്കാർ ഉത്തരവ്

3. 05.05.2023 തീയതിയിലെ AKS/293/2021-PA ASPO /367 നമ്പർ കത്ത്

4. 25.07.2023 തീയതിയിലെ നം P1-11515/2014/PrHQ നമ്പർ കത്ത്

വിഷയത്തിലേക്ക് ശ്രദ്ധ സാദരം ക്ഷണിക്കുന്നു.

ഇ-പ്രിസൺസ് ആപ്ലിക്കേഷനിൽ ഉൾപ്പെട്ട ഇ-മുലാക്കത്ത് സംവിധാനം കൂടുതൽ ജനപ്രിയമാക്കുന്നതിനും സാങ്കേതിക പരിജ്ഞാനം കുറവുള്ളവർക്ക് ഫലപ്രദമായി ടി സംവിധാനം ഉപയോഗിക്കുന്നതിനും അക്ഷയ കേന്ദ്രങ്ങൾ മുഖേനയുള്ള സേവനങ്ങളിൽ ഇ-മുലാക്കത്ത് സംവിധാനം കൂടി ഉൾപ്പെടുത്തണമെന്നും സംസ്ഥാനത്തെ എല്ലാ അക്ഷയ കേന്ദ്രങ്ങൾ മുഖേനയും പൊതുജനങ്ങൾക്ക് പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും താല്പര്യപ്പെട്ടുകൊണ്ട് പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് ഡയറക്ടർ ജനറലിൽ നിന്നും സൂചന 1 പ്രകാരം കത്ത് ലഭിച്ചിരുന്നു.

കേരളത്തിലെ വിവിധ ജയിലുകളിൽ കഴിഞ്ഞു വരുന്ന അന്തേവാസികൾക്ക് അവരുടെ കുടുംബാംഗങ്ങളുമായും അഭിഭാഷകരുമായും വീഡിയോ കോൺഫറൻസിങ്ങിലൂടെ കണ്ടു സംസാരിക്കുന്നതിനുള്ള സംവിധാനമാണ് ഇ-മുലാക്കത്ത്.

കേരളത്തിലെ എല്ലാ ജയിലുകളിലും ഈ സംവിധാനം സജ്ജമാക്കിയിട്ടുള്ളതാണ്. കോവിഡ് പടർന്നു പിടിച്ച പ്രത്യേക സാഹചര്യത്തിൽ തടവുകാരുടെ ബന്ധുക്കൾക്ക് ജയിലുകളിൽ വന്നു നേരിട്ട് കണ്ടു സംസാരിക്കുന്നതിനുള്ള അവസരമില്ലാത്തതിനാലും വളരെ ദൂരക്കൂടുതലുള്ള ബന്ധുക്കൾക്ക് വീടുകളിൽ നിന്ന് തന്നെ ജയിലിൽ കഴിയുന്ന ബന്ധുക്കളെ വീഡിയോ കോൺഫെറൻസിങ്ങിലൂടെ കണ്ടു സംസാരിക്കുന്നതിനുമായി ഇ-മുലാക്കത്ത് സംവിധാനം കേരള ജയിൽ വകുപ്പിൽ സെപ്റ്റംബർ 2020 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. ഇത് കൂടാതെ നേരിട്ടുള്ള കൂടിക്കാഴ്ചയുടെ ദിവസം മുൻകൂട്ടി നിശ്ചയിച്ച് ബുക്ക് ചെയ്യാനുള്ള സംവിധാനവും ഇ-മുലാക്കത്തിൽ ലഭ്യമാണ്.

സൂചന 2 പ്രകാരം അദാലത്തുകൾക്കായി അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷ സ്വീകരിക്കുന്നതിന് 20/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന 3 കത്ത് പ്രകാരം ഇ-മുലാക്കത്ത് അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്നതിന് 20/-രൂപ സേവന നിരക്കായി നിശ്ചയിക്കാവുന്നതാണെന്ന് വകുപ്പിലേക്ക് അറിയിക്കുകയുണ്ടായി. ആയത് പ്രകാരം സൂചന 4 കത്ത് പ്രകാരം ഈ നിരക്ക് അംഗീകരിക്കാവുന്നതാണെന്ന് വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഇ-മുലാക്കത്ത് സംവിധാനം അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്നതിന് സേവന നിരക്ക് 20/- രൂപയായി നിശ്ചയിച്ച നൽകുന്നതിനായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

**അനു കുമാരി ഐഎഎസ്**
**ഡയറക്ടർ(അക്ഷയ )**

ANU KUMARI IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

## പരിപത്രം

അക്ഷയ പ്രോജക്ട് – അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകിവരുന്ന സേവനങ്ങൾ - പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ - അക്ഷയ കേന്ദ്രങ്ങളുടെപ്രവർത്തനംകാര്യക്ഷമമാക്കുന്നത് -നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: 1) 20.07.2013 തീയതിയിലെസഉ(സാധ) നം.171/2013/വിവവ നം സർക്കാർ ഉത്തരവ്

2) ജില്ലാ പ്രോജക്ട് മാനേജർമാർക്കും അക്ഷയ സംരങകർക്കും വെവ്വേറെ നൽകിയിട്ടുള്ള 12.07.2017 തീയതിയിലെ 619/2017/AKS നം കത്തുകൾ

3) 07.11.2017 തീയതിയിലെ സഉ(സാധ) നം.274/2017/വിവവ നം സർക്കാർ ഉത്തരവ്

4) 15.12.2017 തീയതിയിലെ 837/2017/AKS നം പരിപത്ര നിർദ്ദേശങ്ങൾ

5) 09.01.2018 ലെ ഐ.റ്റി.സി2/646/2017/വിവവ നം സർക്കാർ കത്ത്

6) 22.02.2018 ലെ ഐ.റ്റി.സി2/526/2018/വിവവ നം സർക്കാർ കത്ത്

7) 17.03.2018 ലെ ഐ.റ്റി.സി2/153/2018/വിവവ നം സർക്കാർ കത്ത്

8) 11.05.2018 ലെ ഐ.റ്റി.സി2/695/2017/വിവവ നം സർക്കാർ കത്ത്

9) 22.05.2018 തീയതിയിലെ AKS/819/2018/288 നം കത്ത്

10) 23.05.2018 ലെ ഐ.റ്റി.സി2/150/2018/വിവവ നം സർക്കാർ കത്ത്

11) 30.05.2018 ലെ ഐ.റ്റി.സി2/156/2018/വിവവ നം സർക്കാർ കത്ത്

12) 9.05.2018 തീയതിയിലെ സഉ(പി) നം.03/2018/വിസവ

അക്ഷയ കേന്ദ്രങ്ങൾസ്ഥാപിക്കുന്നത് മുതൽറദ്ദാക്കുന്നത് വരെയുള്ള ചംക്രമണ ഘട്ടങ്ങൾ, പ്രവർത്തന രീതികൾതുടങ്ങിയവ പരാമർശം (1) ലെ സർക്കാർഉത്തരവിൽവിശദമായിതന്നെ നിഷ്കർഷിക്കുന്നുണ്ട്. തുടർന്ന് പൊതുജനങ്ങളുടെ പരാതികൾപരമാധി ഒഴിവാക്കുവാക്കുവാൻസേവനങ്ങൾകൃത്യമായും നല്കുന്നതിലേക്കായും പരാമർശം (2) പ്രകാരം എല്ലാ ജില്ലാ പ്രോജക്ട് മാനേജർമാർക്കും അക്ഷയ സംരംഭകർക്കും നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

അക്ഷയ കേന്ദ്രങ്ങൾക്കെതിരെ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന നിരവധി പരാതികളുടെ അടിസ്ഥാനത്തിൽഅന്വേഷണത്തിനായി സർക്കാർപരാമർശം (3) പ്രകാരം സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്ന്സർക്കാർനടത്തിയ അന്വേഷണങ്ങളുടെ വെളിച്ചത്തിൽഅക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പരാമർശം (5) മുതൽ (8) വരേയും (10),(11) ലേയും സർക്കാർകത്തുകൾപ്രകാരം സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾനല്കിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾപുറപ്പെടുവിക്കുന്നു.

(1) അക്ഷയ കേന്ദ്രങ്ങളിൽസൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ,സന്ദർശക ഡയറി, മറ്റ് രജിസ്റ്ററുകൾഎന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതും കേന്ദ്രം പ്രവർത്തിക്കുന്നതിലെ സമയ നിഷ്ഠ രാവിലെ 9മുതൽ 5 വരെ കൃത്യമായി പാലിക്കേണ്ടതുമാണ്.പൊതുജനങ്ങൾക്ക് അക്ഷയയെ സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിന് വെബ്സൈറ്റിൽ മൊഡ്യൂൾ ഏർപ്പെടുത്തിയിട്ടുണ്ട്.അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി അക്ഷയ ബ്ലോക്ക് കോർഡിനേറ്ററുടെയും, ജില്ലാ ഓഫീസ്, സംസ്ഥാന ഓഫീസ്, ഇലക്ട്രോണിക്സ്&വിവര സാങ്കേതിക വിദ്യ വകുപ്പ് എന്നിവയുടെ ഫോൺ നമ്പറുകൾ, ഇ-മെയിൽഎന്നിവ നിശ്ചിത മാതൃകയിൽ തയ്യാറാക്കി എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കേണ്ടതാണ്.

(2) അക്ഷയ ബ്ലോക്ക് കോർഡിനേറ്റർമാർ അവർക്ക് അനുവദിച്ച് നൽകിയിട്ടുള്ള ബ്ലോക്കുകളിലെ അക്ഷയ കേന്ദ്രങ്ങൾ സന്ദർശിച്ച് സംരംഭകത്വം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കേണ്ടതും ഇത്തരം രൂപരേഖയുടെ അടിസ്ഥാനത്തിൽ നിലവാരം ഉയർത്തുന്നതിനുള്ള സത്വര നടപടികൾ ജില്ലാ പ്രോജക്ട് മാനേജർമാരുടെ നേതൃത്വത്തിൽ കൈകൊള്ളേണ്ടതുമാണ്. കൂടാതെ ബ്ലോക്ക് കോർഡിനേറ്റർമാർ നിർബന്ധമായും ഫീൽഡ് വിസ്റ്റ് നടത്തി റിപ്പോർട്ട് ജില്ലാ പ്രോജക്ട് മാനേജരിന് നൽകേണ്ടതും ജില്ലാ പ്രോജക്ട് മാനേജർ അത് ക്രോഡീകരിച്ച് ശമ്പള ബില്ലിനോടൊപ്പംഅക്ഷയ സ്റ്റേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതുമാകുന്നു. ബ്ലോക്ക്കോർഡിനേറ്റർമാർ ഫീൽഡ് വിസിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു എന്നുള്ളത് ജില്ലാ പ്രോജക്ട്

മാനേജർ കൃത്യമായും മോണിറ്റർ ചെയ്യേണ്ടതാണ്.

(3) അക്ഷയ പ്രോജക്റ്റിൽജില്ലകളിലെ അക്ഷയ കേന്ദ്രങ്ങളുടെഎണ്ണം, ജീവനക്കാരുടെ എണ്ണം എന്നിവയുടെഅടിസ്ഥാനത്തിൽ പ്രതിമാസം ഒരു തവണയെങ്കിലും ഒരു അക്ഷയ കേന്ദ്രം സന്ദർശിക്കണം എന്നത് കണക്കാക്കി അതാത് ജില്ലാ പ്രോജക്റ്റ് മാനേജർമാർസമഗ്രമായ ഒരു പരിശോധന ക്രമീകരണ പട്ടിക തയ്യാറാക്കേണ്ടതും ബ്ലോക്ക് കോർഡിനേറ്റർ/ജീവനക്കാർപരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ, യാത്രാ വിവരണ പട്ടിക എന്നിവ പരിശോധിച്ച് നിശ്ചിത മാതൃകയിൽക്രോഡീകരിച്ച് സംസ്ഥാന ഓഫീസിൽപ്രതിമാസം 25-നുമ്പായി എത്തിക്കുന്നതിന് അതാത് ജില്ലാ പ്രോജക്റ്റ് മാനേജർമാർനടപടികൾസ്വീകരിക്കേണ്ടതാണ്. ജില്ലാ പ്രോജക്റ്റ്മാനേജർമാരുടെമുൻകൂർ അനുമതിയില്ലാതെ യാത്രാ പരിപാടിയിൽയാതൊരു മാറ്റവും വരുത്താൻ പാടില്ലാത്തതും ബ്ലോക്ക്കോർഡിനേറ്റർമാരുടെ അക്ഷയ കേന്ദ്ര സന്ദർശനങ്ങൾ കൃത്യമായാണോ നടക്കുന്നതെന്ന് ബന്ധപ്പെട്ട ജില്ലാ പ്രോജക്റ്റ് മാനേജർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.ജില്ലാ ഓഫീസുകളിൽനിന്നും മിന്നൽപരിശോധകൾനടത്തേണ്ടതാണ്.തുടർന്ന് ജില്ലാ തലത്തിലെ പരിശോധന സമാഹൃത റിപ്പോർട്ടുകൾപ്രാഥമിക പരിശോധനയ്ക്ക് ശേഷം അക്ഷയ പ്രോജക്റ്റ് മാനേജർമാരുടെ യോഗത്തിൽ ഒരു അജണ്ട ഇനമായി ഉൾപ്പെടുത്തി അവലോകനം ചെയ്യേണ്ടതുമാണ്.

(4) സർക്കാർ,സംസ്ഥാന ഐ.റ്റി.മിഷൻ, അക്ഷയ ഡയറക്ടർഎന്നിവർകാലാകാലങ്ങളിലായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്രമമായി ക്രോഡീകരിച്ച് ഓഫീസുകളിൽസൂക്ഷിക്കേണ്ടതും അവ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അക്ഷയ പ്രോജക്റ്റിലെ ഫയൽപരിശോധന സംവിധാനം ഉൾപ്പെടെ നടപ്പിലാക്കേണ്ടവ സംബന്ധിച്ച് പരാമർശം(4 ) പ്രകാരം പരിപത്ര നിർദ്ദേശങ്ങൾപുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾപ്രാവർത്തികമാക്കുന്നുണ്ടോ എന്നതിലേക്കായും ജില്ലാ ഓഫീസുകളുടെ പ്രവർത്തനം കൃത്യമാക്കുന്നതിലേക്കായും ബ്ലോക്ക് കോർഡിനേറ്ററുടെ സെന്റർസന്ദർശനം ഉറപ്പ് വരുത്തുന്നതിലേക്കായും സംസ്ഥാന ഓഫീസിൽനിന്നും മിന്നൽപരിശോധകൾനടത്തുന്നതാണ്.

(5) സർക്കാരിൻറെ 9.05.2018 തീയതിയിലെ സഉ(പി) നം.03/2018/വിസവ ഉത്തരവ് പ്രകാരംഅക്ഷയ കേന്ദ്രങ്ങളിലൂടെ നല്കി വരുന്ന പരിഷ്കരിച്ച സേവന നിരക്കുകൾപ്രാബല്യത്തിൽവരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾതുടർനടപടികൾക്കായി ജില്ലാ തലത്തിൽനല്കിയിട്ടുണ്ട്. സൗജന്യനിരക്കിൽ ലഭ്യമാകുന്ന സേവനങ്ങളും കൃത്യമായ ഫീസ്ഈടാക്കി കൊണ്ട് നൽകുന്ന സേവനങ്ങളുംവ്യക്തമാക്കിക്കൊണ്ട് ഏകീകൃത സ്വഭാവത്തിലുള്ള ഒരു നോട്ടീസ് ബോർഡ് സംസ്ഥാനമൊട്ടാകെ അക്ഷയ കേന്ദ്രങ്ങൾക്ക് മുമ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്. സേവനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് നല്കുമ്പോൾനിർബന്ധമായും രസീത് നല്കേണ്ടതും കാർബൺകോപ്പി സൂക്ഷിക്കേണ്ടതുമാണ്.

(6) പൊതുജനങ്ങളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുക/സാമ്പത്തിക ക്രമക്കേടുകള് നടത്തുക തുടങ്ങി ഗുരുതരമായ പ്രവർത്തന പോരായ്മകൾ അക്ഷയ കേന്ദ്രത്തെ സംബന്ധിച്ച് ബോധ്യപ്പെടുന്ന സാഹചര്യങ്ങളിലോ അമിത ചാർജ്ജ് ഈടാക്കുന്ന വീഴ്ചകൾശ്രദ്ധയിൽപ്പെടുകയാണെങ്കിലോ കരാർലംഘനത്തിന് പ്രസ്തുത അക്ഷയ കേന്ദ്രങ്ങൾക്ക് മുൻകൂർനോട്ടീസ് നല്കി പിഴ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾസ്വീകരിക്കേണ്ടതും ഭാവിയിൽഇത്തരം സംഗതികൾശ്രദ്ധയിൽപ്പെടുകയാണെങ്കിൽസംരഭകത്വം റദ്ദാക്കുന്നതാണെന്നുള്ള മുന്നറിയിപ്പ് കൂടി സംരഭകർക്ക് നൽകേണ്ടതുമാണ്.തുടർന്നുള്ള നടപടി ക്രമങ്ങൾപരാമർശം (1) ലെ സർക്കാർഉത്തരവിൽവ്യക്തമാക്കുന്നുണ്ട്.

(7) അക്ഷയ സംസ്ഥാന, ജില്ലാ ഓഫീസുകളിൽനിന്നും അക്ഷയ കേന്ദ്രങ്ങൾക്ക് നിർദ്ദേശം നല്കുമ്പോൾആയതിന്റെ പകർപ്പ് ഇലക്ട്രോണിക്സ്&വിവരസാങ്കേതിക വിദ്യവകുപ്പിന് കൂടി ലഭ്യമാക്കേണ്ടതാണ്.

(8) അക്ഷയ കേന്ദ്രങ്ങൾക്ക് സ്റ്റാർറേറ്റിംഗ് നല്കുന്നത്, കരിക്കുലം, പരിശീലന പദ്ധതി തയ്യാറാക്കൽഎന്നിവ സംബന്ധിച്ച് പ്രത്യേകം നിർദ്ദേശങ്ങൾപുറപ്പെടുവിക്കുന്നതാണ്.

File No.AKS/539/2018-PA(ASPO)

അക്ഷയ ജില്ലാ ഓഫീസിന്റെ പ്രാഥമികമായ കർത്തവ്യം അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾശരിയായ ദിശയിലാണോ എന്നത് പരിശോധിച്ച് പ്രവർത്തനങ്ങൾവിലയിരുത്തി വ്യവസ്ഥാപിതമാക്കുകയും പരിഹാരമാർഗ്ഗങ്ങൾ, സമഗ്രമായ പ്രൊപ്പോസലുകൾതയ്യാറാക്കി നല്കുക എന്നതാണ്. സമയബന്ധിതമായിത്തന്നെ ഇക്കാര്യങ്ങളിൽനടപടികൾസ്വീകരിക്കുവാനും പരാതികൾപരമാവധി ഒഴിവാക്കുവാനും എല്ലാ ജില്ലാ പ്രോജക്റ്റ് മാനേജർമാരും അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്. സംസ്ഥാന ഓഫീസിലെ മാനേജർമാർ അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾവീക്ഷിക്കേണ്ടതും വിലയിരുത്തേണ്ടതുമാണ്.

Sambasiva
30.08.2018
ഡയറക്ടർ(അക്ഷയ)

SEERAM SAMBASIVA RAO IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

സെക്രട്ടറി, വിവര സാങ്കേതിക വിദ്യാ വകുപ്പ് (ആമുഖ കത്ത് സഹിതം)
എല്ലാ മാനേജർമാർക്കും
എല്ലാ ജില്ലാ പ്രോജക്റ്റ് മാനേജർമാർക്കും
അക്ഷയ പ്രോജക്റ്റിലെ എല്ലാ ജീവനക്കാർക്കും
എല്ലാ സംരംഭകർക്കും
കരുതൽ ഫയൽ

I/10673/2023

**Akshaya State Project Office**
2nd Floor, 'Saankethika', Vrindavan Gardens, Pattom PO, Trivandrum-695 004, Kerala, India
Tel: +91-471-2525444, Email: aspo@akshaya.net, Web: www.akshaya.kerala.gov.in
AKSHAYA Gateway of Opportunities
KERALA STATE IT MISSION
Kerala State IT Mission
Government of Kerala

നമ്പർ: AKS/70/2021-PA(ASPO)/312 തീയതി:07/04/2023

## സർക്കുലർ

വിഷയം :- അക്ഷയ പ്രോജക്ട്-അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം-അടിയന്തര നടപടികൾ- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബ.

സൂചന :- 1) 03/08/2018 ലെ AKS/539/2018/PA(ASPO) നമ്പർ സർക്കുലർ.
2) 07/06/2022 ലെ ഐ.ടി.സി2/33/2022/വിസവ നമ്പർ സർക്കാർ കത്ത്.

വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ അടിയന്തിരമായി ചുവടെ പറയുന്ന നടപടി സ്വീകരിക്കുവാൻ ജില്ലാ പ്രോജക്ട് മാനേജരെ ചുമതലപ്പെടുത്തുന്നു.

1. എല്ലാ ബ്ലോക്ക് കോർഡിനേറ്റർമാർ/ ബ്ലോക്കിന്റെ ചുമതല വഹിക്കുന്നവരും തങ്ങളുടെ ചുമതലയിലുള്ള മുഴുവൻ അക്ഷയ കേന്ദ്രങ്ങളും സന്ദർശനം നടത്തേണ്ടതും ഓരോ കേന്ദ്രത്തിന്റെയും പ്രവർത്തനം വിശദമായി വിലയിരുത്തേണ്ടതുമാണ്. അക്ഷയ കേന്ദ്രങ്ങളിൽ നിർബന്ധമായും ഉണ്ടാവേണ്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോ എന്നും സേവനനിരക്കുകൾ അടങ്ങിയ ബോർഡ് അക്ഷയ കേന്ദ്രത്തിൽ പൊതുജനത്തിന് കാണത്തക്കവിധത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും സേവനങ്ങൾക്ക രസീത് നൽകുന്നുണ്ടെന്നും ഉപഭോക്താക്കളിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നില്ല എന്നും ബ്ലോക്ക് കോർഡിനേറ്റർമാർ ഉറപ്പാക്കേണ്ടതും നിലവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ സംരംഭകർക്കുമേൽ നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ചുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ച /പിഴ ഈടാക്കേണ്ടതാണ്.
2. പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ യഥാസമയം ലഭിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. സെന്റർ വിസിറ്റ് ഷെഡ്യൂൾ അനുസരിച്ച എല്ലാ ജീവനക്കാരും സെന്റർ ഇൻസ്പെക്ഷൻ നടത്തുവാനും അക്ഷയ പദ്ധതിയുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ ചുമതലപ്പെട്ട ജീവനക്കാരിലൂടെ സമയബന്ധിതമായി നടപ്പിലാക്കി ജില്ലാ ഓഫീസിന്റെ പ്രവർത്തനം സുഗമവും പ്രവർത്തനക്ഷമമാക്കുവാനും ജില്ലാ പ്രൊജക്റ്റ് മാനേജർ കർശന നടപടി സ്വീകരിക്കേണ്ടതാണ്.
4. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം സംരംഭകർ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിർബന്ധമായും ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. മേൽ പരാമർശിത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

അനു കുമാരി ഐ.എ.എസ്
ഡയറക്ടർ, അക്ഷയ

ANU KUMARI IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

സ്വീകർത്താവ്,

1. എല്ലാ ജില്ലാ പ്രോജക്ട് മാനേജർമാർക്കും
2. ജില്ലാ ഓഫീസിലെ എല്ലാ ജീവനക്കാർക്കും